# ഗവ: ടെക്നിക്കൽ ഹൈസ്കൂൾ കൃഷ്ണപുരം



# ഡിജിറ്റൽ മാഗസിൻ
# 2018-2019

**ഒരു ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം**

◆ ഗവ: ടെക്നിക്കൽ ഹൈസ്കൂൾ കൃഷ്ണപുരം

# സമർപ്പണം

മുൻപേ നടന്ന മഹാഗുരുക്കന്മാർ

പകർന്ന കൈത്തിരി കെടാതെ,

ഞങ്ങളെ കൈപിടിച്ച് , സമസ്ത മേഖലയിലും

ഔന്നത്യത്തിലേക്ക്

നയിച്ചുകൊണ്ടിരിക്കുന്ന അധ്യാപക

ശ്രേഷ്ഠർക്ക്



# സന്ദേശം

ഈ വിദ്യാലയ വർഷത്തിന്റെ സായംസന്ധ്യയിൽ കുറുമ്പുകളും കളിതമാശകളും നിറയുന്ന ഈ സരസ്വതീ ക്ഷേത്രത്തിൽ, 'കട്ടിപട്ടങ്ങൾ' മെനയുന്ന മികവാർന്ന ചാരുതയ്ക്ക് ആശംസകൾ നേരുന്നു......

നൂപുര 'ധ്വനി'കളായ് കലാലയങ്ങൾ കടന്ന് കാലങ്ങളോളം ഈ പ്രതിഭ ഒളിമങ്ങാതെ പ്രകാശിക്കട്ടെ.

നിങ്ങൾക്ക് എന്റെ സമസ്ത ഭാവുകങ്ങളും നേരുന്നു...

– അജിലാൽ കെ. ആർ
സൂപ്രണ്ട്
ടി. എച്ച്. എസ് കൃഷ്ണപുരം

# ധ്വനി

പുതിയ ലോകത്ത് ആൾക്കൂട്ടങ്ങളുടെ ധ്വനിയിൽ

വേറിട്ട സ്വരങ്ങൾ അലിഞ്ഞില്ലാതാകുന്നു.

ശ്രുതിയും താളവുമൊത്ത

ധ്വനികൾക്ക് കാതോർക്കുന്നവർക്കു വേണ്ടി ഞങ്ങൾ

പുതിയൊരു കാഹളം മുഴക്കുന്നു.

പണ്ഡിതന്മാർ ഇതിൽ ശ്രുതിഭംഗങ്ങൾ

കണ്ടെത്തിയേക്കാം.......

ഞങ്ങൾക്കതിൽ പരിഭവം ഇല്ല .

ഞങ്ങളുടെ എളിയ ശ്രമങ്ങൾക്ക്

കൈത്താങ്ങാവുക..................

സവിനയം നിങ്ങളുടെ

*-ലിറ്റിൽ കൈറ്റ്സ്*

# കതിരോൻ ചക്രവാളത്തിൽ

പുതിയ നിറക്കൂട്ടുകൾ മെനയുകയും പഴയതിനെ

തന്റെ മൗനസ്പർശങ്ങളാൽ

മായ്ക്കുകയും ചെയ്യുമ്പോൾ, ഓർമ്മകളുടെ

നിറക്കൂട്ടിൽ ചാലിച്ചെടുത്ത ചില

മൗനസ്മൃതികൾ ഞങ്ങൾക്കായി പങ്കുവയ്ക്കുന്നു...

പൂർണ്ണത അത് ഞങ്ങളുടെ ഒരു സ്വപ്നം മാത്രമാണ്.........

ഞങ്ങളുടെ പരിമിതികൾ, പുതിയ പാതയിലേക്കുള്ള

വെളിച്ചമായി കണ്ടുകൊണ്ട് ഞങ്ങളെ

അനുഗ്രഹിച്ചാലും.........



ലിറ്റിൽ കൈറ്റ്സിനുവേണ്ടി
സ്നേഹപൂർവ്വം
മുഖ്യപത്രാധിപ

-ആദിത്യാമോൾ
9 എ

# വിവരസാങ്കേതികരംഗത്ത് ഇന്ത്യയുടെ പങ്ക്

വിവരസാങ്കേതിക രംഗത്ത് ധാരാളം പങ്കുവഹിച്ചിട്ടുള്ള രാജ്യമാണ് ഇന്ത്യ. ഇന്ത്യയുടെ പല നേട്ടങ്ങളും പല രാജ്യങ്ങളും മാതൃകയായി ഉപയോഗിക്കുന്നുണ്ട്. ഇന്ത്യയിലെ പല നേട്ടങ്ങൾക്കും വിവരസാങ്കേതികവിദ്യ അടിത്തറയായിട്ടുണ്ട്.

ആധുനികയുഗത്തിൽ ഇന്ത്യയിലെ 90% ജനങ്ങളും വിവരസാങ്കേതികവിദ്യ ഉപയോഗിക്കുന്നവരാണ് . പല കംപ്യൂട്ടർ ശാസ്ത്രജ്ഞൻമാരും മറ്റു രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്നു. ഇന്ത്യ വിവരസാങ്കേതികരംഗത്ത് പല രാജ്യങ്ങളുടെയും മോഡൽ ഉപയോഗിക്കുന്നു. ഇന്ത്യയിൽ വിവരസാങ്കതിക മേഖലയ്ക്ക് വളരെയധികം പ്രാധാന്യം നൽകുന്നുണ്ട് അതിന്റെ ഭാഗമായാണ് ഇന്ത്യയിൽ കേന്ദ്രസർക്കാർ `ഡിജിറ്റൽ ഇന്ത്യ' എന്ന പദ്ധതി തുടങ്ങിയത്. നമ്മുടെ എല്ലാ വിധത്തിലുള്ള രേഖകളും മറ്റും ഇന്ററർ നെറ്റുമായി ബന്ധിപ്പിക്കുകയാണ് .

വിവരസാങ്കേതിക രംഗത്ത് വളരെ മാറ്റം കൊണ്ടുവന്ന ഒരു കണ്ടുപിടുത്തമാണ് `കംപ്യൂട്ടർ'. ഇതിന്റെവ- രവോടുകൂടി ഇന്ത്യയിൽ ധാരാളം മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. ഇപ്പോൾ ഈ സംവിധാനം ഇന്ത്യയുടെ ഏത് കോണിലും ലഭ്യമായി തുടങ്ങിയിരിക്കുന്നു.

ഇന്ത്യക്ക് വിവരസാങ്കേതിക രംഗത്ത് വളരെ അധികം പ്രാവീണ്യം ഉണ്ട്. അമേരിക്ക പോലുള്ള വൻകിട രാജ്യങ്ങളിൽ ഇതിനായി പഠിക്കാൻ റിസർച്ച് കേന്ദ്രങ്ങളും ഉണ്ട് അവർ അത് ഫലപ്രദമാകുന്ന-
തിനാൽ ആ മാർഗ്ഗം ഇന്ത്യയിൽ ലഭിക്കുന്നില്ല എന്നാലും വളരെ സുരക്ഷിതമായ ഒരു സാങ്കേതികരംഗം ഇന്ത്യക്ക് ഉണ്ട് . പക്ഷെ അത് വിനിയോഗപ്പെടുത്താൻ കഴിയുന്നില്ല. ഇന്ത്യയിലെ
വിവരസാങ്കതികതയുടെ വരവ്, വ്യാവസായിയിക മേഖലകളിൽ വളരെ മാറ്റങ്ങൾ സൃഷ്ടിച്ചു.

ഇതിന്റെ വരവ് കമ്പിനികളിലെ മനുഷ്യന്റെ കഠിന പ്രയത്നം കുറച്ച് `കംപ്യൂട്ടറൈസ്ഡ് ' ആക്കി മാറ്റാൻകഴിഞ്ഞു. ഇത് ഇന്ത്യയുടെ വികസനനേട്ടങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുന്നു. അതുകൊണ്ട് ഇന്ത്യയിൽ തന്നെ ഇതിന്റെ പരിധി നിയന്ത്രിക്കുവാനുള്ള ആലോചനയിലാണ് . വിവരസാങ്കേതിക രംഗത്ത് വളരെ മാറ്റം സൃഷ്ടിച്ച കണ്ടു പിടുത്തങ്ങളാണ് `കംപ്യൂട്ടർ', `മൊബൈൽഫോൺ', `ഇന്റർനെറ്റ്' എന്നിവ . ഇതിന്റെ ഉപയോഗം ഇന്ത്യയിൽ ധാരാളം കണ്ടു വരുന്നു. ഇന്ത്യയിലെ
ഓരോ സംസ്ഥാനങ്ങളും ഇതിനായി വളരെ പ്രയത്നിക്കുന്നു.
വിവരസാങ്കേതിക രംഗത്ത് കോളിളക്കം സൃഷ്ടിച്ച ഇന്റർനെറ്റ് ഇന്ന് ഇന്ത്യയിലെ 96% ജനങ്ങളും ഉപയോഗിക്കുന്ന, ധാരാളം നല്ല ഗുണങ്ങളും ദൂഷ്യതകളും നിറഞ്ഞ ഒന്നാണ് ഇന്റർനെറ്റ്.പല തരത്തിലുള്ള സാങ്കേതികവിദ്യകൾ ഇതിൽ തന്നെയുണ്ട്.
ഫെയ്സ് ബുക്ക്, വാട്ട്സ് ആപ്പ്, എന്നിങ്ങനെ ധാരാളം നിറഞ്ഞ്കിടക്കുന്നു. ഇത് വഴി ലോകത്തിന്റെ ഏതു ഭാഗത്തും നടക്കുന്ന വിവരങ്ങൾ നമ്മൾക്ക് മനസ്സിലാക്കാൻ കഴിയുന്നു. വിവരസാങ്കേതിക വിനിമയ രംഗത്ത് ആദ്യ ചുവടുവെപ്പ് റേഡിയോ ആയിരുന്നു. റേഡിയോ വേവ് ഉപയോഗിച്ച് പ്രവർത്തിപ്പിച്ച അതിനു ശേഷമാണ് പുരോഗമനത്തിലൂടെ ഇന്ന് കാണുന്ന `സൂപ്പർ കംപ്യൂട്ടർ' വരെയെത്തി നിൽക്കുന്നു.
വിവരസാങ്കേതിക രംഗം ഉപയോഗത്തിൽ ഒന്നാം സ്ഥാനം ചൈനക്കാണ് അതിൽ രണ്ടാം സ്ഥാനം ഇന്ത്യക്കാണ്.
ധാരാളം പ്രശ്നങ്ങൾ നേരിടുന്ന ഒരു മേഖലയാണ് വിവരസാങ്കേതിക രംഗം .



*-വിഷ്ണു. വി. നായർ*
*10 എ*

# പ്രണയം

അകലുമ്പോൾഅകലത്തിൽഅലതല്ലിയൊഴുകുന്ന നദി തന്നിൽഒഴുകുന്ന
പ്രിയരാഗമാണെന്റെപ്രണയം , കടലിലും പൂവിലുംപ്രണയ വർണ്ണത്തിലും
കളിവഞ്ചിയന്റെ അരികിലേക്കെത്തിയ ഒരു പ്രീയരാഗം പ്രണയംഅറിയാതെ പ്രണയിച്ചുവെങ്കിലും
ആരാരും അറിയാതെ പോയൊരുസൗഭാഗ്യം സൗധംപ്രണയം മരണമില്ലെങ്കിലും

എത്രയോനാൾ മുമ്പ് മരവിച്ചു പോയഎൻഓർമ്മകളാണെന്റെ ഉള്ളിൽ നിറയും പ്രണയംഎത്രയോ ദുഃഖം

മനസ്സിലു-ണ്ടെങ്കിലും ചിരിയോടെവാഴുവാൻ എന്നെ പഠിപ്പിച്ചഗുരുവാണുള്ളിലെ പ്രണയം അതിരുകളില്ലാതെ
അകലേക്ക്നീങ്ങുന്ന സൂര്യ പ്രഭപോലെകത്തിജ്ജ്വലിക്കുന്ന സ്നേഹമാണെന്നുടെ പ്രണയംഒന്നിച്ചു നീങ്ങുന്ന

വഴിതന്നിൽ ഒറ്റയ്ക്ക്നീങ്ങുന്ന നേരത്ത് ഉള്ളി-ലെ വിങ്ങൽ പ്രണയംനിന്റെയാ ചന്ദനക്കുറിതന്നിൽ
നിറയുന്നദൈവാനുഗ്രഹത്തിന്റെപര്യായ നാമം പ്രണയംഅന്നു ഞാൻ പറയാതെപോയ

നിൻ ചോദ്യത്തിന്റെ മറുപടിവാക്കാണ് പ്രണയംഇഷ്ടം പറഞ്ഞയെൻഉള്ളിൽ ഒഴുകിയനദി

തൻ പേര്പ്രണയം ഞാൻ കണ്ട നാൾ മുതൽനീ തന്ന സ്നേഹത്തെലോകം

വിളിക്കുന്ന പേര്പ്രണയംഭൂമിയിലുള്ള ജനങ്ങളെഒന്നിച്ചു നിർത്തുന്നകാണാചരടിനു
പേര്പ്രണയംമരണമില്ലാത്തതായിലോകംകരുതുന്നഓർമ്മതൻപേര്പ്രണയം

ഇത്രയുമെങ്കിലുംകളങ്കമില്ലാത്തനിൻചിരിയിൽപകരുന്നആനന്ദത്തിൻനാമം പ്രണയം



*അഖിൽ രാജ്*

*10 ബി*

# യാത്ര

*സൗഹൃദം പൂക്കുമീ പൂമരം തന്നിലെ*
*ഇലയും ശിശിരം കൊഴിക്കുന്ന നാളിൽ*
*പുതിയൊരു സൂര്യൻ ഉദിക്കും വസന്തമായി*
*കൊഴിയും ഇലകളെ വീണ്ടും കിളിർപ്പവാൻ*

*മനസ്സിന്റെ ഇരുളിനെ അകലേക്ക് നീക്കുവാൻ*
*ഉയരുന്ന പുതിയൊരു സൗഹൃദ സൂര്യൻ*
*എവിടെയോ വച്ച് മറന്ന ചിരിയേ*
*മുഖത്തിൻ അലങ്കാരമാക്കുമാ സൂര്യൻ*

*തീവണ്ടി പായുന്ന വേഗതപോലെ*
*കൈവിട്ടു പോയൊരു ജീവിതനാളുകൾ*
*മനസ്സിന്റെ കോണിലെ ഓർമ്മകളാക്കിയ*
*സൗഹൃദം ജ്വലിക്കുന്ന സൂര്യനേപോലെ*

*വിരലിന്റെ മുദ്രയും നാവിന്റെ വാക്കും*
*യാത്രതൻ ആനന്ദ നിമിഷങ്ങളും*
*മനസ്സിൽ ഉണർത്തിയ സൗഹൃദമാണ്*
*സൂര്യനായി വാനിൽ ജ്വലിച്ച നിൽക്കുന്നത്.*



*അഖിൽ രാജ്*
*X ബി*

# മാതാവ്

എന്റെ മാതാവിന്റെ കൺമുമ്പിലോ
എന്റെ ജീവന്റെ വേർപാടുകൾ
പെട്ടെന്നൊരുനാളിൽ എന്നെ
വിട്ട് എങ്ങോട്ടു മാഞ്ഞു പോയി
എൻ ജീവനിലെ പ്രധാനകണ്ണിയാം
എൻ മനസ്സിലെ ജീവത്തുടിപ്പനീ
അമ്മ പിന്നെ മാറിൽ കിടത്തിയതും
ഓമനിച്ചുമ്മനൽകിയതും
എല്ലാമെൻമനസ്സിൽ
മായാതെ കിടക്കുന്നു
അമ്മയാണ്ജീവനമ്മയാണ്
എല്ലാം അമ്മയാണ് എന്ന
ഭാവം എൻജീവിതത്തിൽ
ഞാൻ മറക്കില്ലാ.......



നികേഷ് കുമാർ

8 എ

# മടിയനായ കഴുത

ഒരിടത്ത് ഒരു പാവം കച്ചവടക്കാരൻ ഉണ്ടായിരു- ന്നു. അയാൾ സാധനങ്ങൾ അടുത്ത ഗ്രാമത്തിലെചന്തയിൽ കൊണ്ടുപോയി വിറ്റായിരുന്നു ജീവിച്ചിരുന്നത്. അയാൾക്ക് സാധനങ്ങൾകൊണ്ടുപോകാൻ ഒരു കഴുതയുണ്ടായിരുന്നു. ആ കഴുത മഹാമടിയനായിരുന്നു. ഒരു ദിവസവുംകഴുത ചുമടെടുക്കത്തില്ലായിരുന്നു. എന്നുംചുമടുമായി പോകുന്ന കഴുത അല്പദൂരം നടന്ന്കഴിഞ്ഞ് കുഴഞ്ഞുവീഴും. പാവം കച്ചവടക്കാരൻവിചാരിക്കും കഴുതയ്ക്ക് സുഖമില്ലാത്തതിനാലാണ്ചുമട്എടുക്കാത്തതെന്ന്കരുതിചുമട്അയാൾതന്നെതലയിലേറ്റിചന്തയിൽകൊണ്ടുപോയിവിൽക്കു. തിരിച്ചുവരുമ്പോൾകഴുതയ്ക്ക്നല്ലതീറ്റസധനങ്ങൾവാങ്ങിക്കൊടുക്കും . ആരോഗ്യമില്ലാത്തതുക്കൊണ്ടാണ്തന്റെകഴുതകുഴഞ്ഞുവീഴുന്നത്എന്ന്അയാൾകരുതി . കഴുതപണി ഒന്നും ചെയ്യാതെ കൊഴുത്ത് തടിച്ചു. കുറച്ചുനാൾ കഴിഞ്ഞ് അയാൾകഴുതയുടെപുറത്ത്അല്പംചുമടുമായിചന്തയിലേക്ക്പോയ. വീണ്ടുതന്റെകഴുതകുഴഞ്ഞു വീണതുകണ്ട്അയാൾവിഷമിച്ചുപോയി.'' ഇങ്ങനെഇതിനെതീറ്റിപ്പോറ്റിയിട്ട്കാര്യമില്ല, ഇതിനെ വിറ്റുകളയാം'' എന്ന്അയാൾപറഞ്ഞു. ആകഴുതയെഅയാൾമറ്റൊരാൾക്കുവിറ്റു. പകരംപുതിയൊരുകഴുതയെവാങ്ങആകഴുതനന്നായിചുമട്എടുത്ത്കച്ചവക്കാരനെസഹായിച്ചു. കുഴഞ്ഞുവീഴുന്ന കഴുതയെവാങ്ങിച്ചയാൾപാവമല്ലായിരുന്നു. യാള്കഴുതയുടെപുറത്ത്നല്ലഭാരംകയറ്റികച്ചത്തിനു പോയ. കഴുതവീണ്ടുംപഴയതുപേലകുഴഞ്ഞുവീഴുന്നതായിഅഭിനയിച്ചു. അയാൾകഴുതയ്ക്ക് നല്ല അടി കൊടുത്തു . വേദനസഹിക്കാൻവയ്യാതെകഴുതഓട്ടംതുടങ്ങി ജോലിചെയ്യാതെമടിപിടിച്ചുനടന്നകഴുതയെക്കൊണ്ട്അയാൾഇരട്ടിപ്പണിചെയ്യിപ്പിക്കുകയുംആഹാരംകുറയ്ക്കുകയുംചെയ്തു.' ആപാവംകച്ചവടക്കാരനെപറ്റിച്ചതും നാൾകഴിഞ്ഞതിന്റെ ശിക്ഷയാണ് ദൈവം ഇപ്പോൾ തരുന്നത്.' എന്ന്കഴുതഓർത്തു. അവനവൻ ചെയ്യേണ്ട ജോലി അവനവൻ തന്നെ ചെയ്യണം എന്ന്പറയുന്നത് ഇതുകൊണ്ടാണ്.



-മിഥുൻ രമേശ്
8 ബി

# ചോദ്യം?

പ്രണയമില്ലെങ്കിൽ കവിത പിറക്കുമോ എന്ന ചോദ്യം ഉയർന്ന നേരം
പിടഞ്ഞത് എൻ ഹൃദയമാണ് ചോദ്യവും അറിയാതെ അണപൊട്ടി ഒഴുകി
വേദനയിലും പൊഴിക്കാത്ത കണ്ണീർ കണങ്ങൾ
ഇല്ല പ്രണയമില്ലെങ്കിൽ വിരഹമില്ല
വിരഹമില്ലെങ്കിൽ കവിതയില്ല കവിത മരിക്കുന്ന
നേരം എൻ ശ്വാസം നിലച്ചിരിക്കും
സോദരി, ചോദ്യശരം ഞാൻ തനിച്ചായ
നിമിഷത്തിലേക്ക് വെളിച്ചം വീശുന്നു. സോദരി,നിൻ ചോദ്യശരം
ഞാൻ ഓർക്കരുതാത്ത നിമിഷത്തെ ഓർമ്മിപ്പിക്കുന്നു.
ആരവങ്ങൾക്ക് നടുവിൽ സ്നേഹമാം വണ്ടിങ്ങു
പിറകേ പായുന്ന കാലിൻ ഇന്ദ്രജാലം
കാട്ടും മഹാമാന്ത്രികർ പല മനുഷ്യരും
ഒന്നായി മാറുന്ന ഒരു മനസ്സായി
പൊരുതുന്ന നിമിഷം പൊരുതി നേടുവാൻ
തോൽവിയേ മറക്കുവാൻ സ്നേഹമാം വണ്ടിന്നു
പിറകേ പായുന്ന കാലിന്റെ മാന്ത്രികത
തിരിച്ചറിയും യുവത്വങ്ങൾ .

മുഹമ്മദ് യാസീൻ
10 എ

# പ്രണയം

ശിശിരത്തിൽ വിരിയുന്ന പൂപോലെ-
യാണെന്റെ ഉള്ളിന്റെയുള്ളിലെ പ്രണയം
ആത്മാവിൻ പുസ്തകതാളുകളിൽക്കുറി-
ച്ചിട്ട ആദ്യാക്ഷരമണെന്നിലെ പ്രണയം.

എന്നെന്നുമോർക്കുവാൻ മധുരമുള്ളതാ-
ണെന്നിലെ പ്രണയമെന്നനോവ്.
കാലാന്തരയുഗങ്ങൾ മാറിയാൽ തന്നെ-
യും മറക്കില്ല ഞാനെന്റെ പ്രണയം.

കാണാതിരിക്കുമ്പോൾ കാണുവാൻ എൻ-
മനസ്സ് വല്ലാതെയങ്ങ് വിതുമ്പുന്നു.
എന്തെന്നറിയില്ല നിന്നോടെനിക്കുള്ള പ്രണ-
യം എന്നിൽ പുനർജന്മം നൽകുന്നപോലെ.

പെയ്യുന്ന മഴയുടെ നിറമാർന്ന ശബ്ദത്തി-
ൽ കേൾുന്നു നിൻ സ്വരമെന്നും
നിന്നോടകന്നിരിക്കുമ്പോൾ ഞാൻ അനു-
ഭവിക്കുന്നു വിരഹാർദ്രമെന്ന നോവ്.

നിറമാർന്നഭംഗിയിൽ ചിരിതുകി

**നിൽക്കുന്ന പൂവിനോടെനിക്കുള്ള-**

**ഇഷ്ടമെന്നപോൽ നിന്നോടുണരു**

**ന്നു എന്നിലെ അനുരാഗം**

**രാത്രിതൻ ശോഭയിൽ ജ്വലിക്കുന്ന**

**ചന്ദ്രനിൽ കാണുന്നു ഞാൻ നിൻ മുഖമെന്നും.**

**ആർത്തിരമ്പുന്ന കടലിന്റെ ശബ്ദത്തിൽ**

**കേൾക്കുന്നു നിൻ സ്വരമെന്നും.**

**ഏഴേഴുജന്മവും കാത്തുവെച്ചിട്ടും**

**നിന്നോടെനിക്കുള്ള പ്രണയം.**

**അണയാത്ത വിളക്കതൻ ശോഭയിൽ**

**പടരട്ടെ നിന്നോടെനിക്കുള്ള പ്രണയം**




**-ആരതി**

***9 A***

# കൂട്ടുകാരി

പൂർവ്വജന്മത്തിൽ സുകൃതമോ നീ
ആത്മബന്ധത്തിൻ സാഫല്യമോ?
ജന്മാന്തരങ്ങളായി ലഭിച്ച നിൻ സൗഹൃദം
സൗഭാഗ്യമായി തോന്നിടുന്ന ഈ
നിമിഷവും
ഓർത്തിരിക്കാൻ ഓമനിക്കാൻ
ഒരായിരം ഓർമ്മകൾ നൽകിയ നീ
എൻ പ്രിയ കൂട്ടുകാരി
തമ്മിൽ ഇണങ്ങിയും പിണങ്ങിയും
അക്ഷരമുറ്റത്തോടിക്കളിച്ച നാൾ
ഇന്നൊരു പഴയകഥയായ് മാറുമോ
നിത്യമാം സത്യമാമെൻ അകതാരിൽ
നിത്യവിശുദ്ധിതൻ ദിവ്യമായ ഭൂമിയിൽ
ലോകത്തെ കാൽക്കീഴിലാക്കുവാൻ
വെമ്പുന്ന
നിത്യചൈതന്യമേ നീയിന്നെവിടെ ?
നീയില്ലയെങ്കിൽ ഞാനില്ലയെന്ന
സത്യം
അറിയുന്ന നീ ഇന്നെവിടെയാണ് ?
എന്തിനു നീ വന്യമാം ഭൂമിയിൽ
എന്നെ തനിച്ചാക്കി പോകുന്നു ?
കൂടെപ്പിറപ്പായി സഹപാഠിയായി
എൻ സുഖദുഃഖത്തിൽ പങ്കുചേർന്ന
എൻ പ്രിയ സ്നേഹിതേ നീ
എവിടെയാണ്
ദിവ്യമാം അക്ഷരമന്ത്രങ്ങൾ ഒന്നി-
ച്ചോതിയ നാളുകൾ
ഇന്നെല്ലാം ഓർമ്മകളായി
മാത്രം അവശേഷിക്കുമോ ?



ആദിത്യൻ .ബി
***9 ബി***

# ഗാന്ധിജയന്തി

ഗാന്ധിജയന്തി അണഞ്ഞല്ലോ
ശാന്തിപ്പൂക്കൾ വിരിഞ്ഞല്ലോ.
നമ്മുടെ ബാപ്പുജി മുത്തച്ഛൻ
ജന്മമെടുത്തൊരു ദിനമല്ലോ.

നാടിന്നുത്സവനാളല്ലോ
നന്മകൾ വിളയും നാളല്ലോ.
സേവന ദിവസം കൊണ്ടാടാൻ
നാടും  വീടും  ഉണർന്നല്ലോ.

കുഞ്ഞി  കൈയ്യാൽ നമ്മൾക്കും
ഒരോരോപണി  ചെയ്തീടാം.
വിദ്യാലയവും പരിസരവും
ഒന്നായ് നന്നായ് ശുചിയാക്കാം.



മിഥുൻ രമേശ്

8 A

# നന്മയ്ക്കൊരുപകാരം

പലതുള്ളിയിൽ നിന്നൊരാ കലിതുള്ളി വന്നൊരു പെരുമഴയായി വന്ന്

പതിച്ചൊരാ നിമിഷങ്ങൾ.

തകർത്ത് തിമിർത്ത് പാഞ്ഞ് വന്നൊരാ വിനാശ-

കാലമതോർക്കുന്നുണ്ടോ. ആയിരമായിരം

ജീവനുകൾ ഒഴുകിനടന്നൊരാ സമയത്ത് വന്നെത്തി ആ ദൈവദൂതർ

നന്മയാർന്ന കരങ്ങൾ

തൻ പായവഞ്ചിയിൽ പുതുജീവനേകിയസ്നേഹദൂതർ.

രണ്ടാം ജന്മം തന്നൊരാ നന്മയെമറക്കില്ലൊരി-

ക്കലും ഈ പാരിൽ കെട്ടിപൊക്കിയ മതിലുകളെല്ലാം തകർത്ത-

വന്നൊരാസമയത്ത്, ജാതിമതഭേദമില്ലാതെനിന്നൊരാ ദിനങ്ങളെല്ലാം.

നമ്മുടെ രക്ഷയ്ക്ക് വന്നെത്തിയൊരാ പച്ചപ്പടയെ

വന്ദിച്ചീടൂ.

തൻകുടുംബത്തെ മറന്ന് എത്തിയൊരാ ഊർജസ്സ്വ-

ലരാം പടയാളികളെ വന്ദനം ഒരിക്കൽകൂടിയെൻ

മാതൃഭൂമിയിലെ വീരൻമാരെ പ്രണാമം അർപ്പിച്ചാ-

ലും തീരുമോ ആ നന്മയ്ക്കൊരുപകാരം.

"ഒന്നിച്ചുനിൽക്കുവാൻ ജനങ്ങളെ നാം,

മതഭ്രാന്തരില്ലാത്ത നല്ലൊരു

നാളയുടെ ലോകത്ത് ഒരുമയോടെ"



ദ്രാവിഡ് ദേശ്
9 ബി

# ഒരു പ്രളയത്തിൽ .....

വെളുപ്പിനെ ഒരു മൂന്നുമൂന്നരയായിക്കാണും.
മുറിയിൽ നല്ല തണുപ്പ്,തലേന്ന് നല്ലമഴയുണ്ടായിരുന്നു.അശ്വിൻ ഓർത്തു ഇന്നലെ അമ്മായിയുടെ വിളി വന്നിരുന്നു. സുരക്ഷിതമായി ക്യാമ്പിൽ എത്തിച്ചേർന്നു എന്ന്.വീട് മുഴുവൻ നശിച്ചുപോയിക്കാണും എന്നു പറഞ്ഞു കരഞ്ഞുകൊണ്ടെയിരുന്നു അമ്മായി.അശ്വിൻ കിടക്കയിൽ നിന്നും എഴുന്നേറ്റു. മുട്ടോളം വെള്ളം കയറിയിരിക്കുന്നു! അവൻ പെട്ടെന്ന് തന്റെ അമ്മയുടെ മുറിയിലേക്കുപോയി.അമ്മ നല്ല ഉറക്കമാണ്. രണ്ടുവർഷമായി അരയ്ക്കു താഴേക്ക് തളർന്നു കിടക്കുകയാണു അമ്മ.അച്ഛനാവട്ടെ മൂന്നുമാസം മുൻപ് ഒരു കാർ ആക്സിഡന്റിൽ മരിച്ചു.അതോടെ അമ്മയെ നോക്കേണ്ടതും വീട്ടുചെലവു വഹിക്കേണ്ടതും അവന്റെ തലയിലായി.അമ്മായി ഇടയ്ക്ക് പൈസ തന്നു സഹായിക്കാറുണ്ട്.രാവിലെ ആറുമണിക്ക് അവൻ വീടിനു വെളിയിലേക്കിറങ്ങി.അമ്പരന്നുക്കൊണ്ട് അവൻ ചുറ്റും നോക്കി.അയൽക്കാരെല്ലാവരും ക്യാമ്പുകളിലേയ്ക്കും ബന്ധുവീടുകളിലേയ്ക്കും പോയിരിക്കുന്നു. അമ്മയേയുംകൊണ്ട് എങ്ങനെ പോകും?അവന്റെ കണ്ണിൽ നിന്നും നീർക്കണങ്ങൾ പെയ്തിറങ്ങി;ഒപ്പം മഴയും.

അവനുറക്കെ വിളിച്ചു"രക്ഷിക്കണേ"!ആരു കേൾക്കാൻ
ലാൻഡ്ഫോണിൽ അമ്മായിയെ വിളിച്ചു;ഇല്ല ലൈനെല്ലാം കട്ടായിരിക്കുന്നു.റേഡിയോ വയ്ക്കാൻ ശ്രമിച്ചു പക്ഷേ കറന്റില്ല.എന്തു ചെയ്യണമെന്നറിയാതേ നിൽക്കുമ്പോൾ അതാ അവിടെയൊരു വള്ളത്തിൽ കുറച്ചുപേർ.അവൻ ഉറക്കെ വിളിച്ചു"രക്ഷിക്കണേ "! കൈവീശിക്കാണിച്ചു.പക്ഷേ ആരും അവനെ കണ്ടില്ല.....,കേട്ടില്ല......,അവർ പോയിക്കഴിഞ്ഞു.വെള്ളം കൂടുതൽ കയറിയിരിക്കുന്നു."അച്ചൂ",അമ്മയുടെ വിളി.അവൻ വേഗം അമ്മയുടെ അടുത്തേയ്ക്കു നീങ്ങി.അമ്മയിപ്പോൾ വെള്ളത്തിൽ മുങ്ങും എന്ന അവസ്ഥ.അവൻ അടുക്കളയിൽ നിന്നും വലിയ ഒരു ചരുവം എടുത്തുകൊണ്ടു വന്നു.അമ്മയെ എടുത്തു അതിലിരുത്തി.വയറുകത്തുന്നു;അടുക്കളയിൽ എന്തെങ്കിലും കഴിക്കാനുണ്ടോ എന്നു നോക്കി.തലേന്നത്തെ കുറച്ചു ചോറിരിപ്പുണ്ട്.അത് അവൻ അമ്മയ്ക്ക് വാരിക്കൊടുത്തു.തനിക്കേറെ ഇഷ്ടപ്പെട്ട പുസ്തകങ്ങൾ വെള്ളത്തിൽ മുങ്ങും മുൻപ് അവയെല്ലാം എടുത്ത് ഷെൽഫിൽ വച്ചു. ദൈവം എന്തേയിത്ര കഠിനഹൃദയനായിപോയതെന്ന് അവൻ ചിന്തിച്ചു.

അവൻ ചെവികൂർപ്പിച്ചു "എന്താണാ ശബ്ദം"?അതാ ഒരു ഹെലികോപ്റ്റർ.അവനുറക്കെ കാതുപൊട്ടുമാറുവിളിച്ചു

"രക്ഷിക്കണേ".ഈശ്വരന് നന്ദി,ഇതാ അവർ അവനെ കണ്ടിരിക്കുന്നു.ഒരു പട്ടാളക്കാരൻ ഹെലികോപ്റ്ററിൽ നിന്നും പുറത്തേക്കിട്ട കോണിയിൽ നിന്നും ഇറങ്ങിവരുന്നു."ബേട്ടാ ഇധർ ആവോ".അവൻ അദ്ദേഹത്തിനോട് ആംഗ്യഭാഷയിൽ പറഞ്ഞു.ഒരു പട്ടാളക്കാരൻ കൂടെയിറങ്ങി വന്നു.അവൻ അവ രേയും കൂട്ടി അകത്തേക്ക് പോയി അമ്മയെകാണിച്ചു.അവർ അമ്മയെ എടുത്തു.ഞാൻ അമ്മയുടേയും എന്റെയും രണ്ടു ജോഡി വസ്ത്രങ്ങളും എന്റെ പുസ്തകങ്ങളും എടുത്തു.ഹെലികോപ്റ്ററിൽ നിന്നും എടുത്തിട്ട തൊട്ടിലിൽ അമ്മയെ ഇരുത്തി.ഒപ്പം അവനും കയറിയിരുന്നു.തൊട്ടിൽ പതിയേ മുകളിലേക്കുയർന്നു.അങ്ങനെയവർ അവരെ ഹെലികോപ്റ്ററിലേക്ക് വലിച്ചിട്ടു.ഒരു നെടുവീർപോടെ അശ്വിൻ അമ്മയെ കെട്ടിപിടിച്ചു."തും ദോ നോ ടീക്ഹേനാ?"അവരിൽ ഒരാൾ എന്നോടു ചോദിച്ചു."അതേ"അവൻ പറഞ്ഞു.അവൻ തന്റെ വീട് ഒരു നോക്ക് കാണുവാനായി നോക്കി അതാ വാതിലിനൊപ്പം വെള്ളം കയറിയിരിക്കുന്നു.ഹെലികോപ്റ്റർ കുറച്ചുകഴിഞ്ഞപ്പോൾ ഒരു കെട്ടിടത്തിന്റെ മുകളിലെത്തിച്ചേർന്നു.കാതടപിക്കുന്ന ശീൽക്കാരത്തോടെ അതു നിർത്തി.അവർ അമ്മയെ എടുത്തിറക്കി,അവിടെ അതാ കുറേ ആളുകൾ,ഞങ്ങളെപ്പോലെതന്നെ വന്നുപെട്ടവർ,കുട്ടികൾ,വൃദ്ധൻമാർ,ഹിന്ദുക്കൾ,ഇസ്ലാമികൾ,ക്രിസ്ത്യൻ,എല്ലാവരും അവിടെയുണ്ടായിരുന്നു.അവരിലൊരാൾ ഞങ്ങൾക്ക് വെള്ളവും കഴിക്കാൻ ബിസ്കറ്റും തന്നു.ആർത്തിയോടെ അവൻ അതു കഴിച്ചു.ഒരാളുടെ കയ്യിൽ നിന്നും ഫോൺ മേടിച്ച് അമ്മായിയെ വിളിച്ചു കാര്യങ്ങൾ പറഞ്ഞു.അമ്മഉറങ്ങിയിരുന്നു.രാത്രി പതിനൊന്നുമണിയായിക്കാണും,ഉറക്കം വരുന്നില്ല.എന്തൊക്കയോ അലോചിച്ച്കൊണ്ട് അവൻ ഉറക്കത്തിലേക്ക് വഴുതിവീണു.രാവിലെ അമ്മയുടെ അടുത്തിരുന്നു. പാവം എണ്ണീറ്റട്ടില്ലാ. അതാ ചക്കയിൽ ഈച്ചയാർക്കുന്നതുപോലെ പത്രക്കാരും ചാനലുകാരും എനിക്കുചുറ്റും കൂടിയിരിക്കുന്നു.അവനറിയാതെഅവന്റെ മിഴികൾ

ഈറനണിഞ്ഞു.കൈകൂപ്പിക്കൊണ്ട് അവൻ ഈശ്വരനും സൈന്യവിഭാഗത്തിനും നന്ദിപറഞ്ഞു.രണ്ടു ദിവസത്തിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ പിണറായി വിജയന്റെ നവകേരള മിഷന്റെഭാഗമായ മീറ്റിങ്ങിൽ അദ്ദേഹം പറഞ്ഞു എല്ലാവർക്കും വീടുവച്ചു തരാം എന്ന്.എല്ലാവരും കൈകൾ കോർത്ത്പിടിച്ചുകൊണ്ട് പറഞ്ഞു"നവകേരളസൃഷ്ടിക്കായി നമുക്ക് ഒന്നിച്ചു മുന്നേറാം

ഇന്ന് അശ്വിൻ പോകുകയാണ്;ഒരു നീണ്ട അവധിക്കുശേഷം."പോയിട്ട് വാ മോനേ"അമ്മ പറഞ്ഞു .ഈശ്വരനേയും സേനാവിഭാഗങ്ങളേയും മത്സ്യതൊഴിലാളികളേയും മുഖ്യമന്ത്രി ശ്രീ പിണറായി വിജയനേയും സ്മരിച്ച് കൊണ്ട് അവൻ സ്കൂളിലേയ്ക്കു നടന്നു.ആ നേത്രങ്ങളിൽ അപ്പോഴും കണ്ണീർ അനർഗളനിർഗളം പ്രവഹിച്ചുക്കൊണ്ടേയിരുന്നു..................

-ഷാരുണ.എസ്സ്
10. എ

# രാഷ്ട്ര നേതാവ്

ത്യാഗവും വിനയവും എളിമയും അഹിംസയും സ്നേഹവും സഹനശക്തിയും കൈമുതലായുണ്ടായിരുന്ന നമ്മുടെ രാഷ്ട്രീയ നേതാവാര് ?

ഉത്തരം:ഗാന്ധിജി.

അതെ,ഈ ഗുണങ്ങളെല്ലാം ഒത്തിണങ്ങിയ ഒരാൾ നമ്മുടെ

രാഷ്ട്രപിതാവായ ഗാന്ധിജി മാത്രമാണെന്ന് സംശയമില്ലാതെ പറയാം.

അതുകൊണ്ടുതന്നെ ഗാന്ധി നാമത്തിൽ ധാരാളം അപര ഗാന്ധിമാർ നമ്മുടെ ചരിത്രത്തിൽ ഇടം പിടിച്ചു.അവരിൽ

ചിലരുടെ പേരുകൾ...

ആധുനിക ഗാന്ധി – ബാബാ ആംതെ.

കേരള ഗാന്ധി – കെ.കേളപ്പൻ.

അമേരിക്കൻ ഗാന്ധി – മാർട്ടിൻ ലൂതർ കിംഗ്.

അതിർത്തി ഗാന്ധി – ഖാൻ അബ്ദുൾ ഗാഫർ ഖാൻ.

മയ്യഴി ഗാന്ധി – ഐ.കെ.കുമാരൻ മാസ്റ്റർ.

ശ്രീലങ്കൻ ഗാന്ധി – എ.ടി.അരിയരത്ന.

ഇന്തോനേഷ്യൻ ഗാന്ധി – അഹമ്മദ് സുകർണോ.

പ്രജിൽ.പി
IX എ

# പ്രകൃതി

തളിരിട്ട് നിൽക്കുന്ന പൂമരങ്ങളും

കുടചൂടി നിൽക്കുന്ന മരങ്ങളും

പുഴകളും വയലുകളും മരണപ്പെട്ടുകഴിഞ്ഞു.

മനുഷ്യന്റെ ക്രൂരമാം പ്രവർത്തികൾ മൂലം

എത്രയെത്ര ജീവനറ്റുപോയ ജീവജാലങ്ങൾ

ഇന്നറിയുന്നു ഞങ്ങൾ നിന്നോട് ചെയ്ത പാപങ്ങളെത്ര?

സുഖസൗകര്യങ്ങൾ പെരുകും നാട്ടിൽ

നിന്നെ കീറി മുറിച്ച്,

നിന്നിലെ നന്മ ഊറ്റിയെടുത്തും,

നിന്നെ മലിനമാക്കി

ഇന്ന് അറിയുന്നു ഞങ്ങൾ തൻ

പാപങ്ങൾ ഒക്കെയും

ഒരുപാട് ജനങ്ങൾ തൻ

കാൽപ്പാട് ഇടനെഞ്ചിലേറ്റി

എൻ പ്രകൃതി..

എബി

*9. ബി*

# പ്രളയക്കെടുതിയിൽ മുങ്ങിയ കേരളം

നമ്മുടെ കേരളത്തിൽ വെച്ച് ഏറ്റവും ദുരിതപൂർണ്ണമായി മാറിയ ദുരന്തമാണ് പ്രളയം.ലക്ഷങ്ങളോളം മനുഷ്യരുടെ വീടും സാധനസാമഗ്രഹികളും നഷ്ടപ്പെട്ടു.കുട്ടികളുടെ പഠനവും പഠനത്തിന് വേണ്ട പുസ്തകവും ബാഗും എല്ലാം പ്രളയം വന്നതോടെ ചേറുവഴിയിൽ ആയി.ചിലവർക്ക് വീട് തന്നെ ഇല്ലാതായി.പക്ഷെ അവർക്ക് കൈത്താങ്ങായി നമ്മുടെ ജനങ്ങൾ ഒത്തൊരുമിച്ച് നമ്മുടെ പുതുതലമുറകാണിച്ചത്ര കരുതൽ വേറെ ഒരാളും കാണിച്ചില്ലെന്ന് തന്നെ പറയാം. നമ്മൾ അവരെ വെറുതെ പുറം തള്ളരുത്. അവർ കാണിച്ച സത്യസന്ധത നമ്മൾ മറന്നുപോയാൽ നാം മനുഷ്യരല്ലാതായി തീരുന്നതാണ്.മനുഷ്യർ എന്നു പറഞ്ഞാൽ സ്വന്തം കാര്യം നോക്കുന്നവർ എന്ന് അല്ല മറിച്ച് ദുരിതം അനുഭവിക്കുന്നവന്
കൈത്താങ്ങായി നിൽക്കുന്നവനെന്നാണ്.നേരെ മറിച്ച് ഒന്നും കാണാതെ
സ്വന്തം കാര്യം നോക്കുന്നവരുമുണ്ട്.

"ദുരന്തത്തിൽ നിന്ന് വഴുതി പോകുന്നവൻ ഭീരു"
"നേരെ മറിച്ച് ദുരന്തത്തെനേരിടുന്നവനാണ് ഏക വീരൻ"
എന്നാണ് എസ് കെ പൊറ്റക്കാട് പറഞ്ഞിട്ടുള്ളത് .

ദുരിതാശ്വാസ ക്യാമ്പിൽ ഉണ്ടായിരുന്നവരുടെ കാര്യം പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. ലക്ഷങ്ങളോളം പേരാണ് ഉണ്ടായിരുന്നത്,ഒരു നേരം ഇടാൻ വസ്ത്രം ഇല്ലാതെയും ഒരു നേരത്തേക്കുള്ള ആഹാരത്തിനു വേണ്ടി വിയർപ്പ് മുട്ടിയവർ. എന്നാൻ നമ്മുടെ സമൂഹം അതിനെയെല്ലാം നേരിട്ടു. നമ്മേ ഞെട്ടിച്ചത് വേറൊന്നും അല്ല ഒരു ബംഗാൾ സ്വദേശി തന്റെ കമ്പിളി

പുതപ്പുകളെല്ലാം ക്യാമ്പിൽ നിക്ഷേപിച്ചതാണ് .അയാൾ കാണിച്ച മര്യാദ പോലും നമ്മുടെ പാർട്ടിക്കാർ കാണിച്ചില്ലെന്നതാണ്. കണ്ടവരുടെ  കൈവെട്ടാനും തലവെട്ടാനും മാത്രം കാണിക്കുന്ന മര്യാദ ഈ സമൂഹത്തിലെ ഏറ്റവും ഹീനമായപ്രവൃത്തിയാണ്.അതേസമയം നമ്മൾ ഏതു സമയവും പഴിചാരുന്ന പോലീസുകാർ  എന്തു കഷ്ടപ്പെട്ടു മത്സ്യതൊഴിലാളികളുടെ സഹായവും ചെറുതല്ല  ഇങ്ങനെ എല്ലാവരും കൈപിടിച്ച് നിന്നിരുന്നെങ്കിൽ ഈ നാട് എന്നെ നന്നായേനേ ഇതൊന്നുമല്ല കർഷകരുടെ  കാര്യമാണ് കഷ്ട്ടം അവരുടെ പാടവും വരമ്പും തന്നെ ഇല്ലാതായി .നാളെ അവർ എന്ത് ജോലി എടുക്കും . അവർ എങ്ങനെ അത്താഴം കഴിക്കും. അവർക്കും ഇല്ലേ മക്കളും കൊച്ചുമക്കളും ഒക്കെ.

നമ്മൽ എല്ലാം സന്തോഷിച്ചു കാരണം  കുറേ ദിവസം സ്കൂൾ
ഇല്ലായിരുന്നത് കൊണ്ട്. പക്ഷെ ഒന്ന് ഓർക്കുക സ്കൂളിൽ പോകാൻ
ബാഗില്ലാത്ത, പഠിക്കാൻ പുസ്തകം ഇല്ലാത്ത,കുട്ടികൾ സങ്കടപ്പെട്ടിരിക്കുമ്പോൾ വീട്ടിൽ പടക്കം പൊട്ടിച്ച് ആഘോഷിക്കുന്ന ചിലർ ഉണ്ട്. നമ്മളെ പോലുള്ള കുട്ടികൾ തന്നെയാണ് അവരും .അവർക്കും കാണും ആഘോഷിക്കണമെന്ന്,പുറത്ത് ഇറങ്ങി കളിക്കണം എന്ന്. പ്രളയം നമ്മെ  ഒരു പാഠം പഠിപ്പിച്ചത് ഇതാണ്.
" മനുഷ്യരിൽ ജാതിപരമായ ഒരു വേർതിരിവും കൂടാതെ പരസ്പരം സഹായിക്കണം എന്നതാണ് ."

ഇനി പ്രളയം വരാതിരിക്കാൻ നമ്മൾ ചെയ്യേണ്ടത് പ്രകൃതിയെ സംരക്ഷിക്കുകയും ,
മുൻകരുതലുകൾ എടുക്കുന്നതിനോടൊപ്പം
പ്രാർത്ഥനയും ആവശ്യമാണ്.

# സ്നേഹം

കിനാവ് നമുക്ക് സ്വന്തമല്ല
പുലരുമ്പോൾ മറഞ്ഞിടും
നിലാവ് നമുക്ക് സ്വന്തമല്ല
ഇരുളുമ്പോൾ മറഞ്ഞിടും
പൂക്കൾ നമുക്ക് സ്വന്തമല്ല
വാടിയാൽഎന്നേ കൊഴിഞ്ഞിടും
ഇന്ന് നമുക്ക് സ്വന്തമല്ല
നാളെ ആയാൽ പോയിടും
മറവി നമുക്ക് സ്വന്തമല്ല
ഓർമ്മകൾപിന്നെയുംതൊട്ടുണർത്തും
മേനി നമുക്ക് സ്വന്തമല്ല
ചിതലുകൾ മേനിയിൽ ചൂഴ്ന്നിടും
സ്വന്തമെന്ന്നേഞ്ചോട് ചേർത്ത്
പറയാൻവാങ്ങിയും കൊടുത്തും
കൊതിതീരാത്ത സ്നേഹം മാത്രം



-മുഹമ്മദ് ബാദിർ
8 ബി

# സൗഹൃദം

ഹൃദയം നറുങ്ങുന്ന വേദനയൊക്കെ
ജീവിത താളിലെ ഓർമ്മകളാക്കിയ
ആഹ്ലാദമായി ചിരിച്ചുല്ലസിച്ചയാ
ജീവിത ഓർമ്മകൾ സൗഹൃദങ്ങൾ

മരണം വരെയും നമ്മെ
പിരിയാതെ,ജീവിതം
എന്തെന്ന് നമ്മെ പഠിപ്പിച്ച
സ്നേഹമാണുള്ളിലെ

സൗഹൃദങ്ങൾസ്നേഹ വിശ്വാസ
മായിനന്മ-യായി കരുണയായി
ദുഃഖം മറക്കാൻ നമ്മെ പഠിപ്പിച്ച
ഊർജ്ജമാണുള്ളിലെ സൗഹൃദങ്ങൾ

# ഉണ്ണിക്കുട്ടൻ

ഉണ്ണിക്കു കണികണ്ടുണരുവാൻ
മയിൽ കൂട്ടമേ കൂടെ വരുമോ?

ഉണ്ണിക്കു പച്ചക്കുപ്പായം തുന്നാൻ
തത്തമ്മേ പത്തു തൂവൽ തരുമോ?

എൻ ഉണ്ണിക്ക് കവിളിൽ പൊട്ട് തൊടാൻ
കുയിലമ്മേ ചായം തരുമോ?

ഉണ്ണിക്കു മോരുകൂട്ടി മാമുണ്ണാൻ
മൈനമ്മേ നിൻ കിണ്ണം തരുമോ?

എൻ ഉണ്ണിക്കു കണ്ണേറുകിട്ടാതിരിക്കാൻ
വെള്ളരി പ്രവേനി കൂട്ടുവരുമോ?



ആദിത്യൻ . എസ് ആർ
8 എ

# പ്രളയം

ഇന്നുണർന്നത് മുഖത്ത് വെള്ളം പറ്റിയിട്ടാണ്. പതിവുപോലെ അമ്മ തളിച്ചതാണെന്നാണ് കരുതിയത്. പക്ഷെ പതിയെ പതിയെ നനവ് നാലുപാടും വ്യാപിക്കാൻ തുടങ്ങി.ഞാൻ കണ്ണ് തുറന്നു.എന്റെ അനിയൻ ഒരു പാതി മുങ്ങിയ കസേരയിൽ എന്റെ വീടിനുള്ളിലിരിക്കുന്നു.അമ്മ ഓടിവന്ന് എന്നെ പിടിച്ചെഴുന്നേൽപ്പിച്ചിട്ട് പറഞ്ഞു "മോളേ വെള്ളം കയറിയടി " തട്ടിൻപുറത്തോ മേശപ്പുറത്തോ കയറിയിരിക്ക്.പ്രളയമാണെന്നാണ് തോന്നുന്നത്. മുമ്പ് അച്ഛൻ മരിച്ചു എന്നറിഞ്ഞപ്പോഴാണ് അവസാനമായി അമ്മയുടെ മുഖത്ത് ഇത്രയും വെപ്രാളവും ആദിയും ഞാൻ കണ്ടത്.എന്തുകൊണ്ടോ എനിക്ക് ഒന്നും തോന്നിയില്ല, അല്ല നാല് ദിവസമായി ഒരു സ്വിമ്മിങ്ങ്പൂൾ പണിയ്,പണിയ് എന്ന് അമ്മയെ ശല്യപെടുത്തികൊണ്ടിരുന്ന എനിക്ക് ചുറ്റും നീന്താൻ പാകത്തിന് വെള്ളം വന്നാൽ ഞാനെന്തിന് വെപ്രാളപെടണം. പക്ഷെ പതിയെ പതിയെ വെള്ളത്തിന്റെ ഉയരം കൂടികൂടിവന്നു.അമ്മയുടെ വെപ്രാളം കണ്ട് എന്നിലെ ഭയം ഒരു ഡിഗ്രിയായി ഉയർന്ന്,പതിയെ അത് കൂടിക്കൂടിവന്നു.ഞാനും അമ്മയും അനിയനും കൂടി വീടിന്റെ മുകളിലാണ് ഇപ്പോൾ നിൽക്കുന്നത്. ഗ്രാമമായതുകൊണ്ട് ചുറ്റും വീടുണ്ട് . വീടിന്റെ മുകളിൽ നിന്ന് ഞാൻ അങ്ങകലെയുള്ള എന്റെ കൂട്ടുകാരി മീനുവിനെ കണ്ടു. അവളെന്നെ കണ്ടില്ല.ഇതുവരെ കണ്ടിട്ടുമില്ല കാരണം അവൾക്ക് കാഴ്ചയില്ല എന്നത് തന്നെ.അവളും അവളുടെ അമ്മയും അച്ഛനും കൂടി ഞങ്ങളെപ്പോലെ വീടിന്റെ മുകൾതട്ടിൽ വന്ന് നിൽക്കുകയാണ്.നിമിഷങ്ങൾ കഴിഞ്ഞു.മിനിറ്റുകൾ കഴിഞ്ഞു.മണിക്കൂറുകൾ കഴിഞ്ഞു.മഴ നിലയ്ക്കുന്നില്ല.സഹായത്തിനായി ആരും വരുന്നതുമില്ല.എന്റെ അനിയൻ വിശക്കുന്നു എന്ന് ഏറെ നേരമായി പറയുന്നുണ്ട് പക്ഷെ ഉള്ളിലെ ഭയം അമ്മയുടെ കാതിനെ അടച്ചു വെച്ചിരിക്കുകയാണെന്ന് തോന്നുന്നു.അമ്മ ഇതൊന്നും കേൾക്കുന്നില്ല ദൂരെ ശൂന്യതയിലേക്ക്നോക്കി ഇരിപ്പാണ്.അൽപ്പനേരം കഴിഞ്ഞ് വിശപ്പിന്റെ വേദന എന്റെ ഉദരത്തെയും തട്ടി വിളിക്കാൻ തുടങ്ങി .പക്ഷെ ഞാൻ ചെവികൊണ്ടില്ല.അമ്മ ഇപ്പോഴും ധ്യാനത്തിലാണ്. അനിയൻ കരഞ്ഞു കൊണ്ട് എന്റെയടുക്കൽ വന്ന് പറഞ്ഞു

“ചേച്ചി ഇച്ചിരി ചോറ് വെച്ച് തര്വോ”മൂന്ന് വയസ്സുള്ള അവൻ അന്നാദ്യമായി ചോറ് വേണമെന്ന് ഇങ്ങോട്ട് ആവശ്യപ്പെട്ടു.ഞാൻ കരഞ്ഞു.എവിടെ നിന്ന് കൊടുക്കാൻ.

അടുക്കളയെ മുഴുവൻ ജലം വിഴുങ്ങി.ഞാൻ അവനെ കെട്ടിപ്പിടിച്ചു

കിടന്നു.എപ്പോഴോ ഞങ്ങളെ നിദ്രാ ദേവി തഴുകി.ഉണർന്നപ്പോൾ ഞാൻ കണ്ണ് തുറക്കുന്നതിനു മുമ്പേ അനിയനെ കൈകൊണ്ട് പരതി,ഉണ്ട് അവൻ എന്റെ ചാരത്തു തന്നെയുണ്ട്.ഞാൻ എഴുന്നേറ്റ് ചെന്ന് അമ്മയെ നോക്കി അമ്മ നല്ല ഉറക്കത്തിലാണെന്ന് തോന്നുന്നു.തട്ടിവിളിച്ചിട്ടും ഉണരുന്നില്ല.അമ്മയെ ഉണർത്താനായി ഒരോ തവണ തട്ടുമ്പോഴും എന്റെ ഹൃദയമിടിപ്പ് ഉയർന്ന് വന്നു.പതിയെ ,പതിയെ ഞാൻ അലറിവിളിച്ചു "അമ്മേ, അമ്മേ എന്നെ നോക്കമ്മേ".ഞാൻ മീനുവിന്റെ അമ്മയെ വിളിച്ചു പറഞ്ഞു അമ്മ ഉണരുന്നില്ലായെന്ന്. പക്ഷേ അവർ നിസ്സഹായരായിരുന്നു.ഞാൻ നിർത്താതെ കരഞ്ഞു.എന്റെ കരച്ചിൽ കേട്ട് അനിയൻ ഉണർന്നു.അവൻ ഓടി വന്ന് എന്നോട് ചോദിച്ചു "എന്തായേച്ചി കരയണ്".എനിക്ക് മറുപടിയില്ലായിരുന്നു.ഞാൻ അവനെ കെട്ടിപിടിച്ച് കരഞ്ഞു.പെട്ടെന്ന് ഞാൻ ഒരലർച്ച കേട്ടു.ഞാൻ നോക്കുമ്പോൾ ഒരു ബോട്ടാണ്, അങ്ങ് ദൂരെയാണ് വിളികേൾക്കുമെന്ന് ഉറപ്പില്ലെങ്കിലും ഞാൻ അലറി "രക്ഷിക്കണേ രക്ഷിക്കണേ!"ആരും കേട്ടില്ല.

ഞാൻ കരച്ചിൽ തുടർന്നു ഞാൻ എപ്പോഴോ ബോധരഹിതയായി. ഉണർന്നപ്പോൾ ഞാൻ ഒരു പട്ടാളകാരന്റെ തോളിലാണ് .ഞാൻ  ഭയത്തോടെയും അത്ഭുതത്തോടെയും താഴേക്ക്നോക്കി.എന്റെ വീടിന്റെ മുകൾതട്ട്എനിക്ക് താഴെകാണാം.ഞാൻ ചോദിച്ച്  "നിങ്ങളെന്നെ എവിടെ കൊണ്ട് പോവുകയാണ് ".അയാൾ ഒന്നുംമിണ്ടിയില്ല .എന്നെയും കൊണ്ട് ഒരു പടികയറുകയായിരുന്നു. ഞാൻ ഞെട്ടിപ്പോയി.ഞാനും അയാളും ഒരു ഹെലികോപ്റ്ററിലേക്ക് കയറിക്കൊണ്ടിരിക്കുകയാണ്

ഞാൻ അകത്തെത്തി അവിടെ കുറേ പട്ടാളക്കാർ എന്റെ അനിയന് ഭക്ഷണം കൊടുക്കുകയും കുറച്ച് പേർ അമ്മയ്ക്ക് ചുറ്റുംനിന്ന് എന്തൊക്കെയോ ധൃതിയിൽ ചെയ്യുന്നു.അവസാനം അതിൽ ഒരാൾ എന്റെ തോളിൽ  കൈവച്ച്കൊണ്ട് പറഞ്ഞു "അമ്മ പോയി മോളെ".ഈ മരണം ഞാൻ നേരത്തെ ഊഹിച്ചതുകൊണ്ട് ഞാൻ അലറിക്കരഞ്ഞില്ല.പിന്നെ എന്റെ അനിയന്റടുത്തേക്ക് ചെന്ന്.ഞാൻ ചെന്നപ്പോളേക്കും അവൻ എന്നെ കെട്ടിപ്പിടിച്ച് ചിരിച്ചുകൊണ്ട് പറഞ്ഞു ;"ഉണ്ണിക്കുട്ടന്റെ വിശപ്പ് മാറീല്ലോ"

ഞാൻ കരഞ്ഞു.അമ്മയുടെ വിയോഗം ഞാൻ എങ്ങനെ അവനെ അറിയിക്കും.ഈ കുഞ്ഞ് മുഖത്ത് നോക്കി ഞാൻ എങ്ങനെ പറയും,നമുക്കിനിയാരുമില്ലെന്ന്.അമ്മയെപ്പോലെ  അവനും ചിലപ്പോൾ ഹൃദയരോഗി ആണെങ്കിലോ!



**ഷെഫിൻ കെബീർ**
**10-B**

# എന്നും നിനക്കായി ഞാൻ

എന്റെ ഹൃദയത്തിൽ വിരിഞ്ഞ ആദ്യപുഷ്പമേ...
നീ എന്നിൽ നിന്ന് അടർന്നുപോയ നാൾ.
എൻ ജീവിതമേ അർത്ഥശൂന്യമായി
ഒരിക്കൽക്കൂടി നീ എന്നിൽ വിരിയൂ ആത്മനാഥാ
നീ എന്നിൽ വിരിയൂ വീണ്ടും അപ്പോൾ
ഞാൻ നിന്നിൽ എന്നും ജീവിക്കും
ഒരു കൊച്ചു പൂമ്പാറ്റയായി
എന്നിൽ വിരിയും ആദ്യപുഷ്പമേ നീ
എന്റെ ഹൃദയത്തിൽ നിന്നും അടർന്നുപോയ
നാൾ ഞാൻ മരണമായി കരുതുന്നു.
എന്നിൽ നിന്നും അകന്നു പോകരുതെ
എൻ ജീവശ്വാസമേ നീ എന്നിൽ ഒരു
നറുതേനായി... മാറൂ..............



**അശ്വിൻ രമേശ്**
**9 A**

# അതിജീവന

എന്റെ മനസ്സിൽ തീയാളുകയായിരുന്നു.കല്യാണം കഴിഞ്ഞ് 15 വർഷം കഴിഞ്ഞിട്ടും ഒരു കുഞ്ഞിക്കാലുകാണാനുള്ള ഞങ്ങളുടെ ആഗ്രഹവും പ്രാർത്ഥനയും ദുഃഖവുമൊക്കെ ദൈവം കേട്ടു.അടുത്തആഴ്ച ഡെലിവറി തീയതി പറഞ്ഞിരിക്കുകയാണ്.ഈ കഴിഞ്ഞ 9 മാസം ഞാൻ എന്റെ മനസ്സിനെ ഒരു അമ്മയുടേതു പോലെ പാകപ്പെടുത്തി.മനോജ് ചേട്ടൻ ജോലിക്കുപോലും പോകാതെ നിന്നാണ് എന്നെ പരിപാലിക്കുന്നത്.എത്രയും പെട്ടെന്ന് ആ കുഞ്ഞിനെ കാണാനാണ് ഞങ്ങൾ ഇരുവരും കാത്തിരിക്കുന്നത്.പക്ഷേ ഈയിടെയും പത്രത്തിൽ വാർത്തകൾ വന്നിരുന്നു.പ്രസവത്തിൽ അമ്മ മരിച്ചെന്നും കുഞ്ഞുമരിച്ചെന്നുമൊക്കെ.ഞാൻ ചത്താലും കുഴപ്പമില്ല,എനിക്കുമരിക്കാൻ ഭയമില്ല.എന്നാൽ എന്റെ കുഞ്ഞ് ജീവിക്കണം .പക്ഷേ ഒരു ദിവസമെങ്കിൽ ഒരു ദിവസം ഒരു അമ്മയുടെ സ്നേഹവും ലാളനയും കൊടുത്ത് ആ കുഞ്ഞിനെ ഒന്നു കൊഞ്ചിക്കണമെന്ന് എനിക്കാഗ്രഹമുണ്ട്. ഇത് ഞാൻ ചേട്ടനോടു സൂചിപ്പിച്ചിരുന്നു.അദ്ദേഹം എന്നെ വഴക്കുപറഞ്ഞു .ആവശ്യമില്ലാത്ത ചിന്തകൾ മനസ്സിൽ വച്ചോണ്ട് വെറുതെ വേവലാതിപ്പെടാതെ കുഞ്ഞിനെ ലാളിക്കാൻ തയാറായി ഇരിക്കാൻ പറഞ്ഞു. ഈ കുഞ്ഞിനെ എനിക്കും നിനക്കും ഒരുപാടുകാലം കൊഞ്ചിക്കാനും വളർത്താനുമൊക്കെ സാധിക്കുമെന്നും ദൈവം നമ്മളെ അനുഗ്രഹിക്കുമെന്നും അദ്ദേഹം പറഞ്ഞു.ഡോക്ടർ പറഞ്ഞതും കുഴപ്പമൊന്നുമില്ലെന്നാണ്.പക്ഷേ...എനിക്ക് എന്തോ ഒരു ഭയം പോലെ.ഏതുനേരവും ദൈവത്തെ വിളിക്കുകയാണ്.ഒരു കുഴപ്പവും വരുത്തരുതേയെന്ന് കേണപേക്ഷിക്കുകയാണ്.ഇന്ന് രാവിലെ ചേട്ടന്റെ അമ്മ വിളിച്ചു.സുഖവിവരങ്ങളൊക്കെഅന്വേഷിച്ചു.ഫോൺ വയ്ക്കുന്നതിനുമുമ്പ് അവിടെ എന്തെങ്കിലും കുഴപ്പമുണ്ടോയെന്ന് അമ്മ ചോദിച്ചു. അമ്മ ഒന്നും പറഞ്ഞതുമില്ല.കുഴപ്പമൊന്നുമില്ലായെന്നു പറഞ്ഞപ്പോൾ അമ്മയ്ക്ക് വല്ലാതെ ആശ്വാസമായതുപോലെ എനിക്ക് തോന്നി. മരുമകളാണെങ്കിലും എന്നെ സ്വന്തം മകളെപോലെയാണ് അമ്മയ്ക്ക്. എന്റെ കാര്യത്തിൽ അമ്മയ്ക്ക് വലിയ ശ്രദ്ധയാണ്.ചേട്ടനോട് ഞാൻ ഇത് സൂചിപ്പിച്ചു. ചേട്ടനും മനസ്സിലായില്ല ,അമ്മ എന്താണ് ഉദ്ദേശിച്ചതെന്ന്.

കുറേ ദിവസങ്ങളായി മഴ തകർത്ത് പെയ്യുന്നുണ്ട്.ഓലവീണ് കേബിൾ വയർ പൊട്ടിയതിനാൽ ടി വി യൊന്നു കാണാൻ കുറേ ദിവസമായിട്ട് പറ്റുന്നില്ല .

അയലത്തെ ജാനു ചേച്ചി പറഞ്ഞിരുന്നു,ജില്ലയുടെ പലഭാഗങ്ങളും പ്രളയഭീഷണിയിലാണെന്ന്. വാർത്ത കാണാൻ എനിക്ക് മാർഗങ്ങളൊന്നുമില്ലല്ലോ ഇവിടയാർക്കും വാട്സാപ്പ് സൗകര്യമുള്ള ഫോണുമില്ല,വാർത്തകള് അറിയാൻ. ജാനു ചേച്ചി പറഞ്ഞത് ഞാൻ അത്ര കാര്യമായി എടുത്തില്ല. ഞാൻ വാശിപിടിച്ചപ്പോൾ ചേട്ടൻ കേബിളുകാരെ വിളിച്ച് അത്യാവശ്യമായി വന്ന് അത് ശരിയാക്കിത്തരാൻ പറഞ്ഞു. പിന്നീട് വാർത്തകൾ ടി.വിയിൽ കണ്ടപ്പോഴാണ് പ്രളയം ഇത്ര ഭീകരമായി എന്നറിഞ്ഞത്.എനിക്കാകെ പേടിയായി.നേരം ഇരുട്ടിയിരുന്നു.ചേട്ടനാണെങ്കിൽ പുറത്ത്പോയിരിക്കുക യായിരുന്നു.അടുത്തുള്ളതും പരിചയമുള്ളതുമായ സ്ഥലങ്ങളെല്ലാം ഏകദേശം വെള്ളത്തിനടിയി ലായിക്കൊണ്ടിരിക്കുന്നത് ഞാൻ നെഞ്ചിടിപ്പോടെയാണ് വാർത്തയിൽ കണ്ടുകൊണ്ടിരുന്നത്.ചേട്ടൻ വന്നപ്പോൾ ഞാൻ ആകെ പേടിച്ചുപോയിരുന്നു.ചേട്ടൻ ടി.വി നിർത്തി,ഒരു കുഴപ്പവുമില്ലെന്ന് പറഞ്ഞ് എന്നെ
സമാധാനിപ്പിച്ചു,ആധിയോടെ ഞാൻ ഉറങ്ങാൻ കിടന്നു.കിടന്നിട്ട് ഉറക്കം വന്നില്ല. ഒരുപാട്
ആലോചിച്ചുകൂട്ടി, എന്തൊക്കെയോ. പിന്നെയാണ്
അമ്മ ചോദിച്ചത് ഇതിനെപറ്റിയായിരിക്കുമെന്ന് എനിക്ക് മനസ്സിലായത്. ഇടയ്ക്കെപ്പോഴോ ഞാൻ
അറിയാതെ തന്നെ ഉറക്കത്തിലേക്ക് വഴുതി വീണുപോയി. ഞങ്ങൾ താമസിക്കുന്ന വീട് ഒരു ഒറ്റപ്പെട്ട ഭാഗത്തായാണ് സ്ഥിതിചെയ്യുന്നത്. ജാനു ചേച്ചിയുടെ വീട് കുറച്ച് അകലെയാണ്,
ഒരു ചെറിയ വളവിനപ്പുറം. ചേട്ടൻ പുറത്തുപോകുമ്പോൾ എന്നെ നോക്കാൻ ചേച്ചി ഇടയ്ക്കിടെ
വരാറുള്ളപ്പോഴാണ് എന്തെങ്കിലുമൊക്കെ സംസാരിക്കുക. വീട് അടുത്തല്ലല്ലോ,എപ്പോഴു-
മെപ്പോഴും സംസാരിക്കാൻ. നേരം വെളുത്തു.ഞാൻ പതിയെഎഴുന്നേറ്റു. സമയം അഞ്ചേമുക്കാലായിട്ടേയുള്ളു.ഞാൻ കാപ്പിയിടാൻ അടുക്കളയിൽ കയറിയപ്പോൾ പുറത്ത് എന്തൊക്കെയോ ശബ്ദം കേൾക്കുന്നതായി തോന്നി. തോന്നലാവും എന്നു കരുതി അതു ഞാൻ വിട്ടുകളഞ്ഞു. മുൻവാതിൽ തുറക്കാൻ ചെന്നപ്പോഴാണ് ഞാൻ ഞെട്ടിയത്.കുറേശ്ശെയായി വെള്ളം അകത്തുകേറുന്നു. പെട്ടന്ന് ഞാൻ പോയി ചേട്ടനെവിളിച്ചു. ചേട്ടനുമൊന്ന് പേടിച്ചു. പെട്ടന്നുതന്നെ ചേട്ടൻ ജാനുചേച്ചിയുടെ വീട്ടിലെ ശേഖരേട്ടനെ ഫോൺ ചെയ്തു. അദ്ദേഹം പറഞ്ഞതുകേട്ട് ചേട്ടൻ തളർന്നിരുന്നുപോയി. ഏകദേശം നാലുമണിയോടെതന്നെ വെള്ളം അവരുടെ വീടുകളിലൊക്കെ കയറിയെന്നു പലതവണ വിളിച്ചിട്ടും ഫോൺ സ്വിച്ച്

ഓഫായിരുന്നെന്നും അവർ ഇപ്പോൾ ഒരു ദുരിതാശ്വാസക്യാമ്പിലാണെന്നുമാണ് ശേഖരേട്ടൻ പറഞ്ഞത്. വെള്ളം കയറിത്തുടങ്ങിയപ്പോൾ തന്നെ അവരെ ഏതോ ദുരിതാശ്വാസ പ്രവർത്തകർ
രക്ഷിച്ചെന്നും ഇടയ്ക്കായതിനാൽ അവരുടെവണ്ടി ഞങ്ങളുടെ വീട്ടിൽ എത്താത്തതുകൊണ്ട് രക്ഷിക്കാനായില്ലെന്നും അദ്ദേഹം പറഞ്ഞു. വാതിൽ തുറന്നാൽ വെള്ളം ശക്തിയായി ഇടിച്ചുകയറുമെന്ന് ഭയന്ന് ജനലിലൂടെയാണ് പുറത്തേക്ക് നോക്കിയത്. ഒരു നടുക്കത്തോടെയാണ് ഞങ്ങൾ അത്
നോക്കിക്കണ്ടത്.മനോജേട്ടന്റെ വാഴ കൃഷിമുഴുവനും നശിച്ചു.തൊഴുത്തിൽ കെട്ടിയ പശുവിന്റെ മുക്കാൽ ഭാഗത്തോളം വെള്ളം. പാവം എന്റെ പൂവാലി കുളമ്പ് രോഗത്തിന്റെ ചികിത്സ കഴിഞ്ഞ് രണ്ട് ദിവസം മുമ്പ് മൃഗാശുപത്രിയിൽ നിന്ന് വന്നതേയുള്ളു. എന്തിനുപറയുന്നു. വെള്ളം ഞങ്ങൾ നോക്കിക്കോണ്ടിരുന്ന ജനൽ വരെ ഉയർന്നു തുടങ്ങി. ഞാൻ ആകെ ഞെട്ടിത്തരിച്ചുനിന്നുപോയി.മരണം അടുത്തെത്തി എന്നുവരെ ഞാൻ ഭയന്നു.
വാതിലിന്റെ ഇടയിലൂടെ കയറിയ വെള്ളം ഞങ്ങളുടെ കട്ടിലിന്റെ കാലിനെ ഏകദേശം
മുഴുവനായി മുക്കി.വെള്ളത്തിൽ നിന്നിട്ട് എന്റെകാലിലൂടെ തണുപ്പ് ഇരച്ചു കേറുന്നതായി തോന്നി.
രണ്ടുനില വീടില്ലെങ്കിലും വീടിലെ ടെറസ്സിൽ കയറാൻ അകത്തു കൂടെ കോണിപ്പടികൾ ഉണ്ടായിരുന്നു. ചേട്ടൻ എന്നെ ആദ്യം ടെറസ്സിൽ കൊണ്ടുവിട്ടു. പിന്നെ രണ്ടു കസേര, അത്യാവശ്യ ഭക്ഷണം, വെള്ളം, മരുന്ന്, എനിക്കു പുതയ്ക്കാൻ പുതപ്പും എടുത്തുകൊണ്ട് വന്നു. സമയം ഏതാണ്ട് ആറര ആയിക്കാണും. ഒരു സഹായം കാത്ത് ഞങ്ങൾ ഇരുന്നു. മനോജേട്ടൻ പലരെയും ഫോൺ വിളിക്കുന്നുണ്ടായിരുന്നു. ചേട്ടന് വലിയ ആവലാതി ഉണ്ടാ-
യിരുന്നെങ്കിലും എന്നെ സമാധാനിപ്പിച്ചുകൊണ്ടിയിരുന്നു. ദുരിതാശ്വാസപ്രവർത്തകർ വന്നുകൊണ്ടി
രിക്കുകയാണെന്നും ഉടനെ തന്നെ നമ്മൾ രക്ഷ-പ്പെടുമെന്നും അദ്ദേഹം പറഞ്ഞു.ഞാൻ എന്റെമനസ്സിനെ പരമാവധി സ്വയം സമാധാനിപ്പി-
ച്ചുകൊണ്ടിരുന്നു,ദൈവത്തിനെ കേണവിളിച്ചപേക്ഷിച്ചു. സൂര്യൻ തെളിഞ്ഞുവന്നു. സമയം എട്ടുമണി-
യായെന്നുതോന്നുന്നു. ഞാൻ ചുറ്റും നോക്കി,അവിടെയൊന്നും ആരേയും കണ്ടില്ല. എല്ലാവരും
രക്ഷപെട്ടു. എന്തുചെയ്യണമെന്നറിയാതെ ചേട്ടൻ
അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നുണ്ട്. ഞാൻ കരഞ്ഞുകൊണ്ടിരുന്നു. ചേട്ടന് എന്നെ

സമാധാനിപ്പിക്കാൻ വാക്കുകളില്ലാതായി. കാരണം ചേട്ടൻ അത്കണ്ട് ഭയന്നിരുന്നു. മഴ തുടർച്ചയായി പെയ്യുകയാണ്.മുകളിൽ ഷീറ്റുണ്ടായിരുന്നതിനാൽ ഞാൻ നനഞ്ഞില്ല. ചുറ്റും വെള്ളം ഉയർന്നുകൊണ്ടെയിരുന്നു. ഇനി ദുരിതാശ്വാസ പ്രവർത്തകരുടെ വണ്ടി കയറിവരാൻ ഒരു സാധ്യതയുമില്ല. ഞാൻ സകലപ്രതീക്ഷകളും കൈവിട്ടു. ഇനി മരണം ഞാൻ ഉറപ്പിച്ചു. എന്റെ ആദ്യത്തെ കൺമണിയെ ഒന്നു കാണാൻ കഴിയില്ലല്ലോ എന്നതായിരുന്നു എന്നെ തളർത്തിയത്. ആ ദിവസം ഞങ്ങൾ ശവതുല്യമായമനസ്സുമായി തള്ളിനീക്കി. പിറ്റേന്ന് രാവിലെയായപ്പോഴേക്കും ഭക്ഷണം ഏറെക്കുറെ തീർന്നിരുന്നു.

എന്റെ ഈ അവസ്ഥയിൽ ഞാൻ എങ്ങനെഭക്ഷണം കഴിക്കാതിരിക്കും.ചേട്ടൻ അദ്ദേഹത്തിന്റെ ഭക്ഷണം ഞാൻ പോലുമറിയാതെ എനിക്കു വേണ്ടി മാറ്റിവച്ചു. പിന്നീടാണ് എനിക്ക് അത് മനസ്സിലായത്. ഇത്രയും നല്ല ഭർത്താവിനെ തന്നതിന്ഞാൻ ദൈവത്തോട് നന്ദി പറഞ്ഞു. എല്ലാ പ്രതീക്ഷകളും കൈവിട്ടപ്പോഴും അദ്ദേഹത്തിന്റെ സ്നേഹവും ആശ്വാസവാക്കുകളും എനിക്ക് വല്ലാത്തൊരു സമാധാനം തന്നു. ഇടക്കിടെ ഹെലികോപ്റ്ററുകൾ മുകളിലൂടെ പറക്കുന്നുണ്ടായിരുന്നു. ഷാൾ മുകളിലേക്ക് വീശിക്കാണച്ചു. എന്നിട്ടും അവർകണ്ടില്ല. ഫോണിന് റേഞ്ച് കിട്ടാത്തതും ഞങ്ങളെ വല്ലാതെ തളർത്തി.ഇടയ്ക്ക് ഒന്നു വിളിച്ചപ്പോൾ ശേഖരേട്ടനെ ഫോണിൽകിട്ടി. എതൊക്കെയോ ചാനലുകാർ പ്രളയത്തിൽ അകപ്പെട്ടവരെ സഹായിക്കാൻ ചില പദ്ധതികൾ നടത്തുന്നുണ്ട്. അവർ പറയുന്ന നമ്പറിൽ വിളിച്ച്ഏത് സ്ഥലത്താണ് അകപ്പെട്ടത് എന്ന് പറഞ്ഞാൽ അവർ മേലുദ്യോഗസ്ഥരെ വിളിച്ച്  സഹായം എത്തിക്കും എന്ന് പറഞ്ഞിട്ട് അദ്ദേഹം ഒരു നമ്പർപറഞ്ഞുകൊടുത്തു. മനോജേട്ടൻ പലതവണ വിളിച്ച-പ്പോഴാണ് ചാനലിൽ നിന്ന് ഒരു പ്രതികരണം ഉണ്ടായത്. ഞങ്ങൾ ഉള്ള സ്ഥലവും ചുറ്റുപാടുകളുംപറഞ്ഞുകൊടുത്തു. അവർ ഉടനെ സഹായം എത്തി-ക്കാം എന്നു പറഞ്ഞു. അപ്പോഴാണ് ഞങ്ങളിൽ പ്രതീക്ഷയുടെ നാമ്പുകൾ തളിരിട്ടത്. അവർ ഉടനെ വരുമെന്ന് കാത്തിരുന്നു. സഹായം എന്തായാലും വണ്ടിയിലാവില്ല എന്നുറപ്പുണ്ടായിരുന്നു,ഹെലികോ-പ്റ്ററിലായിരിക്കും  ദൈവം ഞങ്ങളുടെ പ്രാർത്ഥന കേട്ടു. ഏതാണ്ട് രണ്ട് മണി കഴിഞ്ഞതൊടെ  ഹെലികോപ്റ്ററെത്തി. അപ്പോഴും ഭക്ഷണം തീർന്നിട്ടില്ലായിരുന്നു. അത് ഞങ്ങൾക്ക് വല്ലാത്തൊരു അനുഗ്രഹമായിരുന്നു. പട്ടാളക്കാർ ഇട്ടുതരുന്ന എന്തോ ഒരു വള്ളിയിലൂടെയാണ് ഹെലികോപ്റ്ററിൽ കയറേണ്ടതെന്ന് മനോജേട്ടൻ പറഞ്ഞുതന്നു. എനിക്ക്

അതൊക്കെ ഭയമായിരുന്നു. എങ്കിലും ഞാൻ ധൈര്യം സംഭരിച്ച് കയറി. പട്ടാളക്കാർ മുകളിൽ നിന്ന് വലിച്ചുയർത്തി,ആദ്യം എന്നെയും പിന്നെ മനോജേട്ടനേയും. ഹെലികോപ്റ്ററിലെത്തിയപ്പോഴാണ് ശരിക്കും എന്റെ ശ്വാസം നേരെയായത്. ആ പട്ടാളക്കാർ വളരെ നല്ല സ്നേഹവും സംരക്ഷണവും വെള്ളവും നൽകി . കുറേ നേരത്തെ ആകാശയാത്രയ്ക്കു ശേഷം ഞങ്ങളെ എവിടെയോ ഒരു ദുരിതാശ്വാസ ക്യാമ്പിൽ കൊണ്ടിറക്കി. അവിടെ ഞങ്ങൾക്കു പരിചയമുള്ള ആരുമില്ലായിരുന്നു. അവിടെ എത്തി കുറേ മണിക്കൂറുകൾക്കു ശേഷം എനിക്ക് വയറ്റിൽ എന്തോ അസ്വസ്ഥത തോന്നി. പെട്ടെന്നു തന്നെ ആരൊക്കയോ ചേർന്ന് എന്നെ ആശുപത്രിയിൽ എത്തിച്ചു. പ്രസവസൗകര്യമുള്ള വലിയ ഒരു ആശുപത്രിയായിരുന്നു അത്. എനിക്ക് അതികഠിനമായ വയറുവേദന. ഞാൻ വേദനകൊണ്ടു പുളഞ്ഞു.മനോജേട്ടൻ അപ്പോഴുമെന്നെ സമാധാനിപ്പിച്ചുകൊണ്ടിരുന്നു. പിന്നെ ഡോക്ടർമാർ എന്നെ വാർഡിൽ കയറ്റി. സുഖപ്രസവം പറ്റിയില്ല. സിസേറിയൻ ആണെന്നു പറഞ്ഞു. ഞാനും ചേട്ടനും സമ്മതിച്ചു.ഒന്നു രണ്ടു മണിക്കൂറിനു ശേഷം ഞാൻ ഒരു കുഞ്ഞ് തേങ്ങൽ കേട്ടു. ഡോക്ടർമാർ ചോരയിൽ പൊതിഞ്ഞ ഒരു കുഞ്ഞിനെ പുറത്തെടുത്തു. പിന്നീട് വൃത്തിയാക്കി എന്റെ അടുത്തു കിടത്തി. എനിക്ക് എന്തെന്നില്ലാത്ത സന്തോഷവും സമാധാനവും ആഹ്ലാദവും തോന്നി മനോജേട്ടനും.

5 വർഷത്തെകാത്തിരിപ്പിനൊടുവിൽ

ഞങ്ങൾ കാത്തിരിക്കുന്ന ആ അതിഥി ഞങ്ങളുടെ ജീവിതത്തിലെത്തി. ഏറ്റവും ഭീകരമായ ഒരു പ്രതിസന്ധിയെ അതിജീവിച്ച ഞങ്ങളുടെ ആ പൊന്നോമനയെ ഞങ്ങൾ ഒരുപാടുനേരം നോക്കിയിരുന്നു. എന്റെ മുലപ്പാൽ അവൾ കുടിക്കുമ്പോൾ ഞാൻ അവളുടെ തലയിൽ മെല്ലെ തടവിക്കൊണ്ടിരുന്നു. ആ നിമിഷം എനിക്കുണ്ടായ അനുഭവം. അത് പറഞ്ഞറിയിക്കാനാവാത്തതായിരുന്നു. ഭീകരമായ ഒരു പ്രളയത്തിൽനിന്ന് തൊട്ടടുത്ത മണിക്കൂറുകളിൽ ദൈവം ഞങ്ങൾക്കു തന്ന ആ സമ്മാനത്തിന് ദൈവത്തിനോട് ഒരുപാട് നന്ദി പറഞ്ഞു ഞാൻ.

മരണം അടുത്തെന്നു കരുതിയിരുന്ന എനിക്ക് ആശ്വാസമായിരുന്നു മനോജേട്ടൻ. എന്നാൽ പിന്നീട് എനിക്ക് കിട്ടിയ ആ പൊന്നോമന...... അവൾ തന്നത് എനിക്ക് വലിയ സന്തോഷമാണ്. പ്രളയത്തിന്റെ ഭീകരത തരണം ചെയ്ത് ഞങ്ങളുടെ ജീവിതത്തിലെത്തിയ ആ കൺമണിക്ക് ഞങ്ങൾ പേരിട്ടു,`അതിജീവന'



**അഷ്ടമി. ഡി**
**10 എ**

# പ്രണയം

അനുരാഗമെന്നിൽ അറിയാതെയെങ്കിലും
ആദ്യമായ് അറിയിച്ച പ്രണയം.
ശിശിരകാലങ്ങളിൽ മനസ്സിനെ തളർത്തുന്ന
വികാരമാണെന്നുള്ളിലെ പ്രണയം.
ഒരു കുഞ്ഞു കാറ്റ്പോൽ
നീയെൻ മടിത്തട്ടിൽ ഒരു
രാത്രിയെങ്കിലുംകിടന്നിരുന്നേൽ
ഇന്നെൻ മനമൊരു
കൊച്ചു പുഷ്പമാല തീർത്തു
മണിമാല എൻ ഹൃദയം.
കടലിലെ അലയോരും നിൻപൂമുഖം
ഞാൻ വാർത്തെടുത്തീടുന്നു ഓരോ രാവും
ഇത്രയും ശോഭിച്ചിട്ടും നിൻ മനം
എൻ ഹൃത്തിലുമൊന്നുനിറച്ചീടുമോ?
ഭംഗിയുള്ളഴകാർന്ന പൂമ്പാറ്റ
പോലെ നീ പാറിപ്പറന്നു
നടന്നീടുമ്പോൾ.
ഒരു കൊച്ചു കാറ്റായ് നിന്നെ
തലോടാൻ എൻ മനമാകെ
കൊതിച്ചീടുന്നു.
മറയാതെ എൻ മുന്നിൽ ഒരു
ജന്മം മുഴുവനും കത്തുന്ന
നിലവിളക്കായി നീ ഭവിച്ചാൽ
സഫലമായ് തീരുമെൻ
പാരിലെ പുണ്യജന്മം.
കത്തിജ്വലിക്കുന്ന അഗ്നിക്ക് മുന്നിലും
പെയ്യുന്ന കുളിർമഴയായി നീ എന്നും,
ഇനിയുള്ള ജന്മവും ഭൂമിയിൽ
നിൻ സഖിയാകുവാൻ ഞാൻ പ്രാർത്ഥിച്ചീടാം



ആദിത്യാമോൾ
9. എ

# ഡോക്ടർ

ഡോക്ടറിന്റെ ആശുപത്രി വരാന്തയിൽ വരെ ആളുകൾ തിങ്ങിക്കൂടി. തോരാതെ തിന്നിട്ടും തിന്നിട്ടും വിശപ്പടങ്ങാത്ത സിംഹത്തേപോലെ മഴഅലറി ആംബുലൻസ് ചീറിപ്പാഞ്ഞുവരുന്നുണ്ട് വെള്ളം കയറുന്നുമുണ്ട്
ഡ്യൂട്ടി കഴിഞ്ഞ ഡോക്ടർ ഹോസ്പിറ്റൽ വരാന്തയിലെത്തി നിറയെ നിലവിളികൾ. അത് അന്തരീക്ഷവായുവിനെ കീറിമുറിച്ച് ഡോക്ടറിന്റെ
ചെവിയിൽ തട്ടി. അത് ശരീരമൊട്ടാകെ പ്രതിധ്വനിച്ചു മഴതോരുവാനായ് കാത്ത് ഡോക്ടർ വരാന്തയിൽ തന്നെ നിന്നു. കുറേനേരം കാത്തുനിന്നിട്ടും മഴതോർന്നില്ല. വരാന്തയിലെ തിരക്കും കൂടിവന്നു കൂടെ രോദനങ്ങളും.ഡോക്ടർക്ക് നല്ല തലവേദനയുണ്ട് ആശുപത്രിയുടെ വടക്കേവശത്തു നിന്നാണ്കൂടുതൽ അലർച്ച.അജ്ഞാതമായ ശവശരീരങ്ങൾ അവിടെ വെച്ചിരിക്കുകയാണ്. പെട്ടെന്ന് ഒരു വാച്മാൻ ഡോക്ടറിന്റ അടുത്തേക്ക് ഓടിയെത്തി. അയാൾ കിതച്ചു
കൊണ്ട് പറഞ്ഞു. അവിടെ മരിച്ചെന്നു കരുതിയ ഏതോ
കുട്ടിക്ക് ജീവനുണ്ട് "ഡോക്ടർ പറഞ്ഞു".
"എന്റെ ഡ്യൂട്ടികഴിഞ്ഞു". അയാൾ വളരെ വീർപ്പുമുട്ടി-
കൊണ്ട് പറഞ്ഞു. മറ്റുഡോക്ടർമാരുടെ അടുത്ത് നല്ലതിരക്കാണ്. താമസിച്ചാൽ ആകുട്ടി മരിച്ചു പോകും. ഡോക്ടർ ഒന്നാലോചിച്ചു."ആ കുട്ടിയുടെ രക്ഷകർത്താ-
ക്കളോ ആരെങ്കിലും അവിടുണ്ടോ? വാച്ച്മാൻ ഒന്നാലോ-
ചിച്ചു "ആരോക്കുടെയുണ്ട്. രക്ഷകർത്താവാണോ എന്നറി-
യില്ല. ഡോക്ട്ടർ ആമുറിയിലേക്ക് നടന്നു.അവിടെ ശവങ്ങൾ നിരത്തിയിട്ടിരിക്കുന്നു. ശവങ്ങളുടെ ഇടയിൽ നിന്നും ആ കുട്ടിയെ എടുത്തു മാറ്റി കിടത്തി 15-16 വയസ്സ് തോന്നിക്കുന്ന കുട്ടി. ഡോക്ടർ സ്റ്റെതസ്കോപ്പ് വെച്ച് പരിശോധിച്ചു.കുട്ടിക്ക് വളരെ നേരിയതോതിൽ മാത്രമേ
ഹൃദയമിടിപ്പുള്ളൂ ശ്വാസമില്ലായിരുന്നു. കൂടെ ഒരു മദ്ധ്യവയസ്കയായ സ്ത്രീയുണ്ട്. അവർ കരയുകയാണ്. ഡോക്ടർ പറഞ്ഞു ഉടൻ തന്നെ മറ്റൊരു ഹോസ്പിറ്റലിലേക്ക്
മാറ്റണം. ആംബുലൻസിനുള്ള ഏർപ്പാട് ഇവിടെ തന്നെ ചെയ്യാം. പെട്ടെന്ന് തന്നെ ആംബുലൻസിൽ മറ്റൊരാശുപത്രിയിലേക്ക് കൊണ്ടുപോയി. വാച്ച്മാൻ ഡോക്ടറോട് ചോദിച്ചു. “രക്ഷപ്പെട്ടുമായിരിക്കും അല്ലേ?” ഡോക്ടർ ദീർഘ നിശ്വാസത്തോടെ പറഞ്ഞു ആകുട്ടിയെ
രക്ഷിക്കാൻ കഴിയില്ല ഇവിടുത്തെ മറ്റുള്ള വരുടെ സമയവും
ഊർജ്ജവും നഷ്ട്ടപ്പെടുകയല്ലാതെ വേറേ ഒന്നുമില്ല
വാച്ച്മാന്റെ മുഖം വാടുന്നതായി ഡോക്ടർ ശ്രദ്ധിച്ചു. വാച്ച്മാൻ പറഞ്ഞു " എനിക്കറിയാവുന്ന പറയ്യാനാ" മഴതോരത്തമട്ടായപ്പോൾ ഡോക്ടർ തലയിൽ ബാഗും വെച്ച്
കാറിലേക്ക് ഓടി. വീട്ടിലെത്തി, ഡോക്ടർ കാർ പാർക്ക് ചെയ്ത് ഇറങ്ങി. അപ്പോൾ തന്നെ ഫോൺ വന്നു. രണ്ടു കിലോമീറ്റർ അപ്പുറമുള്ള അമ്മാവന്റെ വീട്ടിൽ നിന്നായിരുന്നു
ഫോൺ. അമ്മാവനു വയ്യ. ഒന്നു വന്നു നോക്കണമെന്നാണ്
വിളി വന്നത്. വേണ്ടപ്പെട്ട ആളല്ലേ. അപ്പോൾ തന്നെ അതേ വേഗത്തിൽ ഇറങ്ങി. മഴ പെയ്ത് തോർന്നില്ല.
അമ്മാവന്റെ വീട്ടിലെത്തി. അദ്ദേഹത്തെ നോക്കി മരണവെ
പ്രാളം പോലെ അമ്മാവൻ പിടയുകയാണ് . തണുപ്പിൻെയാണ് ആവിപിടിക്കാനും മൂടിപ്പുതച്ച്കിടക്കാനും പറഞ്ഞു. കുറച്ച് ഗുളികയുംകൊടുത്തു വീട്ടിൽ തിരികെയെത്തി ഒന്നു കുളിച്ചു


കഴിച്ചില്ല കിടന്ന അന്തമില്ലാത്ത ഉറക്കത്തിൽ വാതിലിൽ മുട്ടുകേട്ടാണ് എഴുന്നേറ്റത് 10-മണികഴിഞ്ഞു. വാതിൽ തുറന്നു. അത്
ആരും മുട്ടിയതല്ല.കാറ്റത്താടി മുരിങ്ങയുടെ കൊമ്പൊടിഞ്ഞ്
കതവിൽ തട്ടിയതാണ്. മഴതോർന്നിട്ടില്ല വെള്ളം കട്ടിളപ്പടികടന്നു .വീട്ടിനുള്ളിൽ കയ്യേറ്റം നടത്തിക്കഴിഞ്ഞു.
മുറ്റത്തിറങ്ങിയാൽ അരയോളം വെള്ളം കാണും . രാവിലെ
കതക് ഉറക്കുവാൻ കഴിഞ്ഞില്ല. വേലക്കാനെ വിളിച്ചു. വേലക്കാരനും ഡോക്ടറും കൂടി കതകുമായി ഒരു മൽ പിടുത്തംനടത്തി വെള്ളം തിരമാലപോലെവീടിനുള്ളിലേക്ക് ഇരച്ചുകയറി. കതകിൽ നിന്നും പിടിപിട്ടവേലക്കാരൻ വെള്ളത്തിൽ മറിഞ്ഞ് വീണു. ഒരു ശവം വീടിനുള്ളിലേക്ക് ഒഴുകി വന്നു. അഴുകിയശവത്തെ കണ്ട്. വേലക്കാരൻ അലറി. വീടിനുള്ളില വെള്ളം നേഞ്ചോട് തട്ടി. അത് ഉയർന്നു. ആ ശവം വീടിനുള്ളിൽ ഒഴുകിനടന്നു.
ആശുപത്രിയിൽ ഡോക്ടറില്ലാത്തതിനാൽ ഡോക്ടർക്കുവേണ്ടി ഒരു വള്ളം വിട്ടുമുറ്റത്തെത്തി. അവർ ശവത്തിനേയും പിടിച്ച കയറ്റി . ആശുപത്രിയിലേക്ക്
എത്തിയെങ്കിലും ഡോക്ടറെ അൽഭുതപ്പെടുത്തിയത്
അതല്ല. ആ ശവങ്ങൾക്കിടയിൽ തന്റെ അമ്മാവനുണ്ടെന്നാണ്.
ചോദിച്ചപ്പോൾ അറിഞ്ഞത് ശവം ഹോസ്പിറ്റൽ മുറ്റത്ത് വെള്ളത്തിൽ ഒഴുകി എത്തി എന്നതാണ്
അമ്മായിയുടെ കരച്ചിൽ അവിടെ മുഴങ്ങികേൾക്കാം..

ഡോക്ടറുടെ വീട്ടിലെത്തിയശവം 31-ാം നമ്പർ ടാഗിൽ ശവങ്ങളുടെ ഇടയിൽ കിടന്നു. ആശവങ്ങളുടെ അഴുകിയ ശരീരം , ദുർഗന്ധം വമിക്കുന്ന . ഡോക്ടർ. ആശവത്തെ അവിടെ കൊണ്ടെത്തിച്ചതിനാൽ ഡോക്ടറുടെ കൈയ്യിൽ ശവത്തിന്റെപക്കലുണ്ടായിരുന്ന പേഴ്സും ഫോണും കൊടുത്തു പേഴ്സിൽ ചില്ലറതുട്ടുകൾമാത്രമാണുണ്ടായിരുന്നത് ഫോണിൽ വെള്ളംകയറിയെങ്കിലും അത് പ്രവർത്തിക്കുന്നുണ്ട് . പേഴ്സിൽ രണ്ട് ഫോട്ടോയുമുണ്ട് .ഒരു വയസ്സ് ചെന്ന സ്ത്രീയുടെയും ഒരു വയ്സിന്റെയും പിന്നെ ഒരു മദ്ധ്യവയസ്കന്റെയും ഫോട്ടോ അതിനുള്ളിലുണ്ടെന്ന് മനസ്സിലാക്കി.വാച്ച്മാൻ ഇന്ന് വന്നിട്ടില്ല.

ആഫോണിലെ ഒരു നമ്പരിലേക്ക് വിളിച്ചു.പെട്ടന്ന് ആശുപത്രിയിലേക്ക് വരുവാൻ പറഞ്ഞു. 10-12 മിനിട്ടിനുള്ളിൽ അവരെത്തി-ശവത്തിന്റെ വസ്ത്രവും വാച്ചും കണ്ട് ആ ശവം വന്ന വയസ്സായ അമ്മയുടെ മകനാണെന്ന് സ്ഥിതീകരിച്ചു ഡോക്ടർ അവരോടു ചോദിച്ചു ഇവിടുത്തെ വാച്ച് മാനുമായി നിങ്ങൾക്കെന്താ ബന്ധം .അവർ സാരിത്തുമ്പുകൊണ്ട് കണ്ണീർ തുടച്ചു.എന്റെ ഭർത്താവാണ്.എന്റെ മകനുമായി തെറ്റിപ്പിരിഞ്ഞിരിക്കുകയായിരുന്നു.അവർ മറ്റൊരിടത്ത് മാറി താമസിക്കുകയായിരുന്നു.ഇന്നലെ എന്റെ കൊച്ചുമോൻ മരിച്ചു.ഇവിടെയാണ് കൊണ്ടുവരുന്നത്.നടുക്കത്തോടെ ചോദിച്ചു കൊച്ചുമോന്റെ ഫോട്ടോ വല്ലതും ഇപ്പോഴുണ്ടോ?
ആ സ്ത്രീവിറക്കുന്ന കൈകൾ കണ്ണീരിൽ മുക്കിക്കൊണ്ട് "ഇവിടുന്ന്
മറ്റേതെങ്കിലും ആശുപത്രിയിലേക്ക് മാറ്റിയിരുന്നോ?”.... ആ കണ്ണുകൾ നിറഞ്ഞൊഴുകി "അതേ" ആശബ്ദംആശുപത്രിയെ കുലുക്കിവീഴ്ത്തുമെന്ന് തോന്നി ഡോക്ടറിന് . അപ്പോഴേക്കും വെള്ളം വരാന്തയിലേക്ക് കയറികഴിഞ്ഞിരുന്നു.....



***ലിറ്റിൽ കൈറ്റ്സ്***
***( 2018 – 2019 )***





***വര : ദേവനാരായണൻ***
***9 എ***




വര : ദിനിൽ ദേവ്
9 എ




***വര : ദേവനാരായണൻ***
***9 എ***



***വര : അദ്വൈത് . എസ്***
***8 എ***

# കടപ്പാട്

ഞങ്ങളുടെ 'ധ്വനി' എന്ന ഡിജിറ്റൽ മാഗസിൻ
സമയബന്ധിതമായി പൂർത്തീകരിക്കാൻ

**സഹായിച്ച ബഹു. ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് ശ്രീ. അജിലാൽ സർ, ശ്രീ. അഭിജിത്ത് സർ, ശ്രീമതി. ലജി ടീച്ചർക്കും ,ശ്രീമതി .രാജലെക്ഷ്മി ടീച്ചർക്കും കൂടാതെ ഞങ്ങളുടെ സ്നേഹം നിറഞ്ഞ എല്ലാ അധ്യാപകർക്കും,എല്ലാ പ്രിയ സഹപാഠികൾക്കും**

# നന്ദി...